# 206. പതിവ്രതോപാഖ്യാനം

**പതിവ്രതാമാഹാത്മ്യത്തെ തെളിയിക്കാനായി മാർക്കണ്ഡേയൻ കൗശികബ്രാഹ്മണന്റെ കഥ പറയുന്നു. ആ ബ്രാഹ്മണന്റെ കോപാഗ്നിയിൽ ഒരു വെള്ളിൽപ്പക്ഷി കത്തി ചാമ്പലാകുന്നു. പക്ഷേ, പതിശുശ്രൂഷയിൽ ഏർപ്പെട്ട സാധ്വിയിൽ ആ കോപം നിഷ്ഫലമാകുന്നു. ധർമ്മവ്യാധന്റെ അടുക്കൽച്ചെന്നു് ധർമ്മതത്ത്വം മനസ്സിലാക്കാൻ ആ സ്ത്രീ ഉപദേശിക്കുന്നു.**

**മാർക്കണ്ഡേയൻ പറഞ്ഞു:**

ഒരു വിപ്രകുലശ്രേഷ്ഠൻ വേദാധ്യായി തപോനിധി
തപസ്സുള്ളോൻ ധർമ്മശീലൻ പേരാൽ ഭാരത, 'കൗശികൻ'. 1

വേദങ്ങളും സോപനിഷത്തോത്തു ചൊല്ലും ദ്വിജോത്തമൻ
ഒരു വൃക്ഷച്ചുവട്ടിലായ് വേദം ചൊല്ലിയിരുന്നുതേ. 2

വെള്ളിൽപ്പക്ഷി മരത്തിന്റെ മുകളിൽച്ചെന്നിരുന്നുതേ;
അതോ പുരീഷവും വിട്ടു ബ്രാഹ്മണന്റെ തലയ്ക്കുതാൻ. 3

അതിനെപ്പാർത്തു കോപിച്ചു ദോഷം ധ്യാനിച്ചു ഭൂസുരൻ
പാരം ക്രോധം കലർന്നൊന്നു നോക്കിക്കൊണ്ടാൻ വലാകയെ[1].

വിപ്രശാപക്കണ്ണു തട്ടീട്ടാർത്തു[2] വീണിതു ഭൂമിയിൽ;
വലാകയുശിരും കെട്ടു ചത്തുവീണതു കണ്ടുടൻ 5

അതിങ്കൽക്കനിവാർന്നേറ്റമനുശോചിച്ചു ഭൂസുരൻ.
'രോഷരാഗപരാധീനനകൃത്യം ചെയ്തു ഹന്ത ഞാൻ.' 6

പലപാടിവിധം ചൊല്ലി ഗ്രാമം ഭിക്ഷയ്ക്കു പൂകിനാൻ
ഗ്രാമത്തിങ്കൽ ശുദ്ധിയുള്ള കുലം തെണ്ടീട്ടു ഭാരത! 7

ആദ്യം ചെന്ന കുടുംബത്തിൽത്തന്നെ കേറീടിനാനവൻ
തന്നാലുമെന്നിരന്നായാൾ സ്ത്രീ പറഞ്ഞിട്ടു നില്ക്കയായ് 8

കുടുംബിനിയുടൻ പാത്രം തേച്ചു നന്നാക്കിടുംവരെ.
ഇതിന്നിടയ്ക്കു നൃപതേ, വിശന്നേറ്റം വലഞ്ഞഹോ 9

വന്നാനുടനവൾക്കുള്ള ഭർത്താവു ഭരതോത്തമ!
ആസ്സാധ്വി പതിയെക്കണ്ടിട്ടാ ബ്രാഹ്മണനെ വിട്ടുമേ 10

പതിക്കു പാദ്യാചമനീയാസനങ്ങളെ നല്കിനാൾ.
വണങ്ങി പതിയെശ്ശുശ്രൂഷിച്ചു താനസിതാക്ഷിയാൾ 11

സ്വാദേറും ഭക്ഷ്യഭോജ്യങ്ങളാഹാരത്തിന്നു നല്കിയും
പതിവിൻപടി ഭർത്താവിന്നെച്ചിലുണ്ടാൾ യുധിഷ്ഠിര! 12

ഭർത്താവു ദൈവമെന്നോർത്താൾ ഭർത്തൃചിത്താനുവൃത്തിയാൽ
മനോവാക്കർമ്മമിവയാൽ മറ്റെന്യേ പതിസക്തയാൾ. 13

സർവ്വഭാവത്തോടുമൊത്താബ്ഭർത്തൃശുശ്രൂഷ ചെയ്‌വവൾ

---

1 വലാക=വെള്ളിൽപ്പക്ഷി. 2 ആർത്തു=കരഞ്ഞു്.

ശുദ്ധ സാദ്ധ്വാചാരദക്ഷ കുടുംബഹിതമോർപ്പവൾ 14
ഭർത്താവിനെന്തോ ഹിതമാണതെന്നും നോക്കി നില്പവൾ
ദേവതാതിഥി വിപ്രർക്കും ശ്വശ്രൂശ്വശുരർക്കുമേ 15
നിത്യം ശുശ്രൂഷ ചെയ്യുന്നാൾ നിയതേന്ദ്രിയയെപ്പൊഴും
അവളാ ബ്രാഹ്മണൻ ഭിക്ഷാകാംക്ഷി നില്പതു പാർത്തുടൻ 16
പതിശുശ്രൂഷ ചെയ്യുമ്പോളോർത്തുകൊണ്ടാൾ ശുഭേക്ഷണ
നാണവുംപൂണ്ടിതാസ്സാദ്ധ്വിയപ്പോൾ ഭരതസത്തമ! 17
വിപ്രന്നു ഭിക്ഷയുമെടുത്തങ്ങു ചെന്നാൾ പൃകശ്നവൾ.

ബ്രാഹ്മണൻ പറഞ്ഞു:

ഇതെന്തെന്നോടു ഭവതി നില്ക്കെന്നോതി വരാംഗനേ! 18
താമസിപ്പിച്ചതീവണ്ണം വിട്ടയയ്ക്കാതെകണ്ടഹോ

മാർക്കണ്ഡേയൻ പറഞ്ഞു:

തേജസ്സാലെരിയുമ്മട്ടിൽ ക്രോധമേന്തിയ വിപ്രനെ
കണ്ടാപ്പതിവ്രത വിഭോ, സാന്ത്വനംചെയ്തു ചൊല്ലിനാൾ 19

സ്ത്രീ പറഞ്ഞു:

ക്ഷമിച്ചാലും ബുധശ്രേഷ്ഠ, ഭർത്താവെൻ പരദൈവമാം
വിശന്നു വന്നോരവനെ ശുശ്രൂഷിച്ചതുമാണു ഞാൻ 20

ബ്രാഹ്മണൻ പറഞ്ഞു:

ബ്രാഹ്മണന്മാർ മേലെയല്ലാ പതിയേ മേലെയാക്കി നീ
ഗൃഹസ്ഥധർമ്മം വാഴും നീ നിന്ദിച്ചീടുന്നു വിപ്രരെ. 21
ഇന്ദ്രനുംകൂടിയിവരെക്കുമ്പിടും മർത്ത്യനെന്തുവാൻ?
ഗർവ്വിഷ്ഠേ, നീയജ്ഞയല്ലോ കേൾപ്പീലാ വൃദ്ധശാസനം; 22
തീയിനൊക്കും ബ്രാഹ്മണന്മാർ ചുട്ടീടും ഭൂമിയേയുമേ.

സ്ത്രീ പറഞ്ഞു:

വലാകയല്ല ഞാൻ വിപ്ര, ക്രോധം പോക്കു തപോനിധേ!
ഈ ക്രുദ്ധനോട്ടംകൊണ്ടെന്നിൽ ക്രുദ്ധനങ്ങെന്തു കാട്ടിടും? 23
ദേവാഭരാം* ധീരവിപ്രന്മാരെ നിന്ദിക്കയില്ല ഞാൻ
എന്റെയീത്തെററിന്നേ വിപ്ര, ക്ഷമിക്കുകനഘാശയ! 24
വിപ്രതേജോമഹാഭാഗത്വങ്ങളിങ്ങറിയുന്നു ഞാൻ
ക്രോധാൽ കുടിക്കാത്തുള്ളുപ്പുവെള്ളമാക്കീ പയോധിയെ. 25
ഭാവിതാത്മാക്കളുദ്ദീപ്തതപസ്സുള്ളോർ മഹർഷികൾ
തൽക്രോധാഗ്നി ശമിച്ചിട്ടില്ലിന്നും ദണ്ഡകകാനനേ. 26
ദുഷ്ടാത്മാവായ 'വാതാപി' വിപ്രനിന്ദ നിമിത്തമേ
അഗസ്ത്യമുനിയിൽച്ചെന്നു വെന്തു ക്രൂരൻ മഹാസുരൻ. 27
പ്രഭാവം പലതും കേൾപ്പൂ യോഗ്യരാം ബ്രാഹ്മണർക്കിഹ
ക്രോധവും പെരുതാം ബ്രഹ്മൻ, യോഗ്യർക്കേററം പ്രസാദവും. 28

---

* ദേവാഭർ = ദേവന്മാരെപ്പോലുള്ളവർ.

എന്റെയീപ്പിഴയിൽ ബ്രഹ്മൻ, ക്ഷമിക്കുകനഘാശയ!
പതിശുശ്രൂഷയാൽധർമ്മമെനിക്കഭിമതം ദ്വിജ! 29
ദൈവതങ്ങളിലൊക്കെയും ഭർത്താവെൻ പരദൈവതം
ഭേദമില്ലാതവന്നീ ഞാൻ ധർമ്മം ചെയ്‌വേൻ ദ്വിജോത്തമ! 30
കണ്ടാലും ബ്രാഹ്മണ, ഭവാൻ പതിശുശ്രൂഷതൻ ഫലം
വലാകയെബ്ഭവാൻ ചുട്ട രോഷത്താലെന്നറിഞ്ഞു ഞാൻ. 31
മർത്ത്യൎക്ക ശത്രുവാണുള്ളിൽപ്പെട്ട കോപം ദ്വിജോത്തമ!
ക്രോധമോഹങ്ങൾ വിട്ടോനാം ബ്രാഹ്മണൻ ദേവസമ്മതൻ. 32
ഇങ്ങു സത്യങ്ങൾ ചെയ്യുന്നോൻ ഗുരുപ്രീതി വരുത്തുവോൻ
ഹിംസിക്കിലും ഹിംസിയാത്തോൻ ബ്രാഹ്മണൻ ദേവസമ്മ–
ജിതേന്ദ്രിയൻ ധർമ്മപരൻ സ്വാദ്ധ്യായനിരതൻ ശുചി [തൻ.
കാമക്രോധങ്ങൾ വെന്നുള്ളോൻ ബ്രാഹ്മണൻ ദേവസമ്മതൻ. 34
ലോകമാത്മോപമം[1] കാണ്മോൻ ധർമ്മജ്ഞൻ ദൃഢമാനസൻ
സർവ്വധർമ്മരുചിയുള്ളോൻ ബ്രാഹ്മണൻ ദേവസമ്മതൻ. 35
ഓതിക്കുവോനോത്തു ചൊൽവോൻ യജിപ്പിപ്പോൻ യജിപ്പ–
യഥാശക്തി കൊടുക്കുന്നോൻ ബ്രാഹ്മണൻ ദേവസമ്മതൻ. [വൻ
ബ്രഹ്മചാരി പരം വേദാദ്ധ്യായിയാം ദ്വിജപുംഗവൻ
സ്വാദ്ധ്യായമുള്ളോൻ തെറ്റാത്തോൻ ബ്രാഹ്മണൻ ദേവസമ്മതൻ
ബ്രാഹ്മണൎക്കുള്ള കുശലമതായവരൊടോതണം
സത്യം ചൊല്ലുമവൎക്കുള്ളമനൃതത്തിൽപ്പെടാ മനം. 38
ധർമ്മമത്രെ ബ്രാഹ്മണൎക്ക ദമം സ്വാദ്ധ്യായമാർജ്ജവം
എന്നേക്കുമിന്ദ്രിയജയംതാനുമേ ദ്വിജസത്തമ! 39
സത്യാർജ്ജവങ്ങളാം ധർമ്മമെന്നാർ ധർമ്മമറിഞ്ഞവർ
ദുർബ്ബോധം ശാശ്വതം ധർമ്മമതോ സത്യത്തിൽ നില്പതാം. 40
ശ്രുതിപ്രമാണമാം ധർമ്മമെന്നല്ലോ ധർമ്മശാസനം
ധർമ്മം കാണ്മു പലവിധം സൂക്ഷ്മമത്രേ ദ്വിജോത്തമ! 41
ധർമ്മജ്ഞനല്ലോ ഭഗവാൻ സ്വാദ്ധ്യായനിരതൻ ശുചി
ഭഗവൻ, ധർമ്മതത്ത്വം നീയറിയില്ലെന്നു മന്മതം. 42
വിപ്രനീപ്പരമാം ധർമ്മമറിഞ്ഞീടാഞ്ഞിലോ ദ്വിജ!
ചോദിക്കു മിഥിലയ്ക്കെത്തി ധർമ്മവ്യാധനൊടങ്ങുടൻ. 43
ജനനീതാതശുശ്രൂഷ സത്യം ചൊൽവോൻ ജിതേന്ദ്രിയൻ
മിഥിലാവാസിയാം വ്യാധൻ ധർമ്മം നിന്നോടു ചൊല്ലിടും. 44
അങ്ങു ചെല്ലു നന്മവരുമിഷ്ടംപോലെ ദ്വിജോത്തമ!
അതിപ്രസംഗം[2] ഞാൻ ചൊല്ലീൽ പൊറുക്കുകെന്നു മാന്യ, നീ.
ധർമ്മം നോക്കും സ്ത്രീകളവദ്ധ്യകളേവൎക്കുമല്ലയോ?

1 ആത്മോപമം=തന്നെപ്പോലെ. 2 അതിപ്രസംഗം=പറയേണ്ടതിലധികം.

ബ്രാഹ്മണൻ പറഞ്ഞു:

നന്ദിച്ചു ഞാൻ നന്മ വരുമെൻകോപം തീൎന്നു ശോഭനേ!
നീയുരച്ചോരുപാലംഭ*മേററം ശ്രേയസ്സിനാണു മേ. 46
നിനക്കു ശുഭമാം പോട്ടെ ഞാൻ സാധിക്കട്ടെ ശോഭനേ!

മാക്കണ്ഡേയൻ പറഞ്ഞു:

അവളെ വിട്ടിട്ടവൻ പോന്നു ചെന്നു ചേൎന്നു നിജാലയേ
തന്നത്താൻ നിന്ദ ചെയ്തേവനായ് കൗശികൻ
ദ്വിജസത്തമൻ. 47

## 207. ബ്രാഹ്മണവ്യാധസംവാദം

**ബ്രാഹ്മണസ്ത്രീയുടെ വാക്കനുസരിച്ച് കൗശികബ്രാഹ്മണൻ മിഥിലയിൽ ചെന്നു് ധമ്മവ്യാധനെ കാണുന്നു. അവർ രണ്ടുപേരും തമ്മിലുള്ള സംഭാഷണം ധമ്മതത്ത്വം, ശിഷ്ടാചാരം, സജ്ജനലക്ഷണം മുതലായ വയെപ്പററി ധമ്മവ്യാധൻ വിസ്തരിച്ചു വിവരിക്കുന്നു.**

മാക്കണ്ഡേയൻ പറഞ്ഞു:

ആ സ്ത്രീ ചൊല്ലിയൊരാശ്ചര്യമെല്ലാം ചിന്തിച്ചുകൊണ്ടവൻ
കുററം ചെയ്തവിധം തന്നെത്താനേ നിന്ദിച്ചു മേവിനാൻ. 1
സ്വധമ്മത്തിൻ സൂക്ഷ്മഗതി ചിന്തിച്ചിങ്ങനെ ചൊല്ലിനാൻ
ശ്രദ്ധയോടൊത്തിരിക്കേണം പോകുന്നേൻ മിഥിലയ്ക്കു ഞാൻ. 2
കൃതാത്മാവായ് ധമ്മവിത്താം വ്യാധനുണ്ടു വാഴ്വുപോൽ
ആത്തപസ്വിയോടാദ്ധമ്മം ചോദിപ്പാനാശു പോകുവൻ. 3
എന്നുള്ളകൊണ്ടു ചിന്തിച്ചാ സ്ത്രീവാക്കിൽ ശ്രദ്ധപൂണ്ടവൻ
വലാകാപ്രത്യയത്താലും ശുഭോക്തിയാലുമേ 4
മിഥിലയ്ക്കായ്പ്പുറപ്പെട്ടു കൗതുഹലമിയന്നവൻ.
കാടും ഗ്രാമങ്ങളും പട്ടണങ്ങളുംതാൻ കടന്നുടൻ 5
പോയിച്ചെന്നെത്തി ജനകൻ കാത്തീടും മിഥിലയ്ക്കഹോ.
ധമ്മസേതുക്കൾ ചേൎന്നേററം യജ്ഞോത്സവമിയന്നുമേ 6
ഗോപുരം മേൽത്തട്ടു കോട്ട കൊത്തളം മററുമാൎന്നുമേ
ഭംഗിയിൽ പല വെണ്മേട തിങ്ങീടും പുരി പുക്കുടൻ 7
അങ്ങാടിത്തെരുവോടൊത്തു വൻ പാതകൾ തിരിഞ്ഞുമേ
തേരാനയാളശ്വമിവ പലതൊത്തിടചേൎന്നുമേ 8
ഹൃഷ്ടപുഷ്ടജനം തിങ്ങി നിത്യോത്സവമിണങ്ങിയും
പല വൃത്താന്തമൊത്തുള്ളാപ്പുരം കേറീ ദ്വിജോത്തമൻ. 9
ചോദിച്ചാനവിടെദ്ധമ്മവ്യാധനെ ദ്വിജരോതിനാർ;
മാംസം വില്ക്കുന്നവനെയാത്തെരുവിൽച്ചെന്നു കണ്ടുതേ. 10
മാൻ പോത്തിവററിൻ മാംസങ്ങൾ വിററീടുന്ന തപസ്വിയെ

---

* ഉപാലംഭം=നിന്ദനം.

കൊള്ളുവോർതൻ തിരക്കാലങ്ങൊരററം നിന്നു ഭൂസുരൻ. 11
ദ്വിജൻ വന്നതറിഞ്ഞിട്ടായവൻ പെട്ടെന്നെണീററുടൻ
വിപ്രനൊററയ്ക്കു നില്ക്കുന്ന ദിക്കിൽക്കൊണ്ടതിനെത്തിനാൻ. 12

ധർമ്മവ്യാധൻ പറഞ്ഞു:

"ഭഗവാനേ, കൈതൊഴുന്നേൻ സ്വാഗതം വിപ്രസത്തമ!
വ്യാധൻ[1] ഞാനെന്തു ചെയ്യേണ്ടു കല്പിക്ക ശുഭമായ്‌വരും. 13
മിഥിലയ്ക്കങ്ങു ചെല്ലേണ്ടായ് പതിവ്രത കഥിച്ചതും
അറിഞ്ഞേൻ ഞാൻ ഭവാനിങ്ങു വന്ന കാരണമൊക്കയും." 14

മാർക്കണ്ഡേയൻ പറഞ്ഞു:

അവൻെറയാ വാക്കു കേട്ടു വിപ്രനത്ഭുതമാർന്നുടൻ
രണ്ടാമതിതൊരാശ്ചര്യമെന്നു ചിന്തിച്ചു ഭൂസുരൻ. 15
"അങ്ങേയ്ക്കു ചേരില്ലീ സ്ഥാന"മെന്നപ്പോൾ വ്യാധനോതിനാൻ

ധർമ്മവ്യാധൻ പറഞ്ഞു:

ഭഗവാനേ, ഗൃഹം പൂകുകങ്ങേയ്ക്കു മതമെങ്കിലോ. 16

മാർക്കണ്ഡേയൻ പറഞ്ഞു:

ഏവമാവട്ടെയെന്നേററം ഹൃഷ്ടനായ് വിപ്രനോതിനാൻ
വിപ്രനേ മുൻപിലാക്കിക്കൊണ്ടവനും ഗൃഹമെത്തിനാൻ. 17
രമ്യമാകും ഗൃഹം പൂക്കീട്ടിരുത്തിപ്പൂജചെയ്തതിൽ
ദ്വിജോത്തമൻ പാദ്യവുമാചമനീയവുമേററുതേ. 18
പിന്നെസ്സുഖമിരുന്നുംകൊണ്ടാ വ്യാധനൊടു ചൊല്ലിനാൻ:

ബ്രാഹ്മണൻ പറഞ്ഞു:

"അങ്ങേയ്ക്കീത്തൊഴിലൊക്കുന്നതല്ലെന്നാകുന്നു മന്മതം; 19
ഈഘോരകാര്യം കണ്ടിട്ടു താത, ദുഃഖിച്ചിടുന്നു ഞാൻ."

വ്യാധൻ പറഞ്ഞു:

അച്ഛൻ മുത്തച്ഛനും ചെയ്ത കുലധർമ്മമിതാണു മേ
കുലധർമ്മത്തിൽ ഞാൻ നില്പേ മന്യുവുൾക്കൊള്ളൊലാ ദ്വിജ! 20
ധാതാവു പണ്ടേ വെച്ചുള്ളാ സ്വധർമ്മം കാത്തുകൊണ്ടു ഞാൻ
സശ്രദ്ധം വൃദ്ധ, പൂജിപ്പേൻ വൃദ്ധരാകും ഗുരുക്കളെ. 21
സത്യം ചൊൽവേനീർഷ്യയെന്യേ യഥാശക്തി കൊടുക്കുവൻ
ദേവതാതിഥിഭൃത്യന്മാരുടെ ശേഷം ഭുജിക്കുവൻ. 22
ആരെയും നിന്ദചെയ്യാ ഞാൻ ഗർവ്വിച്ചീടാ ബലിഷ്ഠനെ
മുജ്ജന്മകർമ്മം ചെയ്യോനെയനുവർത്തിച്ചു ഭൂസുര! 23
കൃഷി ഗോരക്ഷ കച്ചോടമിവ ലോകർക്കു ജീവനം
ദണ്ഡനീതിത്രയീ[2]വിദ്യയിവയാൽ നില്പു ലോകമേ. 24
ദാസ്യം ശൂദ്രന്നു വൈശ്യന്നു കൃഷി യുദ്ധം നൃപന്നുമേ
ബ്രഹ്മചര്യം വ്രതം മന്ത്രം സത്യവും വിപ്രനെപ്പൊഴും. 25
സ്വകർമ്മമൊത്ത നാട്ടാരെക്കാക്കുന്നു ധർമ്മമായ് നൃപൻ

1 വ്യാധൻ=വേടൻ. 2 ത്രയീ=വേദത്രയം.

സ്വകർമ്മത്തിൽ വികർമ്മസ്ഥന്മാരെയും ദക്ഷമായവൻ. 26
പേടിക്കേണം നൃപന്മാരെ പ്രജാധീശ്വരരാണവർ
വികർമ്മസ്ഥ[1]രെ നിർത്തീടുമമ്പാൽ മാൻമട്ട മന്നവർ. 27
വിപ്രർഷേ, ജനകന്നിങ്ങു വികർമ്മസ്ഥിതന്നില്ലൊരാൾ
സ്വകർമ്മപരരാം നാലു ജാതിക്കാരും ദ്വിജോത്തമ! 28
ഈ നൃപൻ ജനകൻ വൃത്തി തെറ്റീടും മകനേയുമേ
ശിക്ഷിച്ചീടും ശിക്ഷ്യനായാൽ ധർമ്മിഷ്ഠനെ വലച്ചിടാ. 29
ചാരദൃക്കായ നൃവരൻ ധർമ്മത്താൽക്കാണുമൊക്കയും
ശ്രീയും നാടും ദണ്ഡനവും മന്നവർക്കാം ദ്വിജോത്തമ! 30
രാജാക്കന്മാർ സ്വധർമ്മത്താൽ പാരമിച്ഛിപ്പു ലക്ഷ്മിയെ
സർവ്വജാതിയെയും കാക്കുന്നവനാകുന്നു മന്നവൻ. 31
വിപ്ര, മറ്റുള്ളവൻ കൊന്ന പോത്തു പന്നിയിവറ്റെ ഞാൻ
താനേ കൊന്നല്ല വിപ്രർഷേ, വിറ്റീടുന്നതു മുറ്റുമേ. 32
മാംസം തിന്നാറുമില്ലീ ഞാനൃതുഗാമി[2]യുമാണു ഞാൻ
നിത്യോപവാസിയാണെന്നും നക്തഭോജിയു[3]മാം ദ്വിജ! 33
ശീലംകെട്ടുള്ള നരനും ശീലവാനായിവന്നിടും
കൊലപാതകിയുംകൂടിയലം ധാർമ്മികനായ് വരും. 34
നരേന്ദ്രന്മാർ തെറ്റി നിന്നാൽ പരം സങ്കരമായ് വരും
അധർമ്മം വന്നു കേറീടും നാട്ടാരും സങ്കരത്തിലാം. 35
വികടന്മാർ[4] മുണ്ടർ കൂനർ പെരുന്തലയരും പെടും
നപുംസകങ്ങൾ കരുടർ പൊട്ടരും തുറുകണ്ണരും. 36
മന്നോർ ചെയ്യുമധർമ്മത്താൽ നാട്ടാർക്കാപത്തു നിത്യവും
ഈ നരേന്ദ്രൻ ജനകനോ ധർമ്മത്താൽ കാപ്പു ലോകരെ. 37
സ്വധർമ്മമുള്ള നാട്ടാരെയെല്ലാം കാപ്പവനെപ്പൊഴും
എന്നെ വാഴ്ത്തുന്നവരെയും നിന്ദിക്കും മർത്ത്യരേയുമേ. 38
എല്ലവരേയും വേണ്ടവണ്ണം കർമ്മത്താൽ പ്രീതരാക്കുവേൻ
ധർമ്മംകൊണ്ടുപജീവിച്ചു രക്ഷിക്കും നരനായകർ. 39
മറ്റൊന്നുമുപജീവിക്കാ ദാന്തരുത്സാഹശാലികൾ
നിത്യം ശക്തിക്കന്നദാനം ധർമ്മനിഷ്ഠ തിതിക്ഷയും[5] 40
സർവ്വഭൂതത്തിലും നിത്യമഹ്തയ്ക്കൊത്ത പൂജയും
മർത്ത്യർക്കു ദാനമില്ലാതെ ഗുണം നില്ക്കില്ലൊരുത്തനിൽ. 41
പാഴ്‌വാക്കൊഴി നിർത്തേണം ചൊല്ലാതിഷ്ടം നടത്തണം
ധർമ്മം കൈവിടൊലാ കാമദ്വേഷവാശിഭയങ്ങളാൽ. 42
പ്രിയത്തിലേറെ നന്ദിക്കൊല്ലപ്രിയത്തിങ്കൽ മാഴ്കൊലാ

1 വികർമ്മസ്ഥർ=സ്വധർമ്മത്തിനു വിപരീതമായ കർമ്മം ചെയ്യുന്നവർ.
2 ഋതുഗാമി=ഋതു കഴിഞ്ഞു പതിനാറു നാളുകളിൽ പുത്രോൽപ്പാദനാർത്ഥം ഭാര്യയെ പ്രാപിക്കുന്നവൻ. 3 നക്തഭോജി=രാത്രി മാത്രം ഭക്ഷിക്കുന്നവൻ.
4 വികടന്മാർ=വിപരീതമായി പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നവർ.
5 തിതിക്ഷ=സഹനശക്തി.

അർത്ഥകൃച്ഛ്ര[1]ത്തിലുഴലൊല്ലേതും തെറ്റൊല്ല ധർമ്മവും. 43
ഒരു കർമ്മം വേണ്ടെദിക്കിൽ മററിട്ടൊന്നു നടത്തൊലാ
ശുഭമാണെന്നു ചിന്തിക്കുന്നതിലാത്മാവണയ്ക്കണം. 44
കുററത്തിനെതിർകുററം ചെയ്യൊല്ലെന്നും സാധുവാകണം
പാപം ചെയ്‌വാനോർത്തിടുന്ന പാപിയാത്മഹതൻ[2] ദൃഢം.
ഇതു മാഷ്കുന്ന ദുഷ്ടൻതൻ കാര്യം ചോരന്റെ മട്ടിലാം
ധർമ്മമില്ലെന്നുരച്ചിട്ടു നല്ലോരേ നിന്ദ ചെയ്യുമവൻ. 46
ധർമ്മശ്രദ്ധ വെടിഞ്ഞുള്ളോർ നശിച്ചീടുമസംശയം
ഊതിവീർക്കുമലപ്രായമധർമ്മം വീണ്ടുമെപ്പൊഴും. 47
മൂഢരാകും ഗർവ്വികൾക്കു നിസ്സാരനിലയായ്‌വരും
ദിവ്യരൂപം ഭാനുപോലെയവന്നാത്മാവു കാട്ടിടും. 48
മൂർഖൻ വിളങ്ങില്ല നാട്ടിൽ വെറുമാത്മപ്രശംസയാൽ
ശ്രീയില്ലാത്തവനായാലും വിദ്വാനേററം തെളിഞ്ഞിടും. 49
ആരെയും നിന്ദ ചെയ്യാതെ തന്നെത്താൻ വാഴ്ത്തിടാതെയും
ഗുണവാനായിങ്ങൊരാളെക്കാണുന്നില്ലാ ധരാതലേ. 50
വികർമ്മത്താലുൾത്തപിക്കിൽ[3] പാപം വിട്ടൊഴിവായ്‌വരും
ഇനിച്ചെയ്യൊല്ലെന്നുവെച്ചു രണ്ടാമതതു ചെയ്കിടാ. 51
ഏതു കർമ്മംകൊണ്ടു പാപമതൊഴിപ്പൂ ദ്വിജോത്തമ!
കർമ്മത്തിൽക്കാണുമതുണ്ടേവം ശ്രുതിയും ഭൂസുരോത്തമ! 52

മുൻ ചെയ്ത പാപങ്ങളറിഞ്ഞിടാഞ്ഞാൽ
മുൻ ധർമ്മശീലന്നിടിവാമൊടുക്കം
ധർമ്മം രാക്ഷാവേ, പോക്കിടും പൂരുഷർക്കു
തെററാൽ ചെയ്തീടുന്നോരു പാപങ്ങളേയും. 53

പാപം ചെയ്തിട്ടു ഞാനല്ല ചെയ്തതെന്നോർക്കിലോ നരൻ
അവനെക്കാണുമേ വാനോരന്തരാത്മാവു താനുമേ. 54
ശ്രദ്ധവെച്ചീർഷ്യകൂടാതെ ശുഭംചെയ്‌വാനൊരുങ്ങണം
വസ്ത്രത്തിന്മട്ടു നല്ലോർക്കു പററും പഴുതടപ്പവൻ 55
പാപം ചെയ്തെന്നിരുന്നാലും ശുഭത്തെത്തന്നെ നേടിടും
പാപമെല്ലാം പോയ്ത്തെളിയും കാറു പോയ് തിങ്കൾപോ–
ഉദിച്ചുപൊങ്ങുമാദിത്യനിരുൾ മുൻ പോക്കിടുംപടി. [ലവേ
പാപമെല്ലാമൊഴിച്ചീടും കല്യാണം ചെയ്തിടുന്നവൻ. 57
പാപങ്ങൾക്കുള്ളടിസ്ഥാനം ലോഭമെന്നോർക്ക ഭൂസുര!
അധികം ജ്ഞാനമില്ലാത്ത ലുബ്ധർ പാപത്തിലേർപ്പെടും. 58
ധർമ്മത്താൽപ്പുല്ലിനാൽ കൂപംപോലെ മൂടുമധാർമ്മികർ
അവർക്കുമുണ്ടു ദമവും ശുദ്ധധർമ്മപ്രസംഗവും. 59

1 അർത്ഥകൃച്ഛ്രം=ധനസംബന്ധമായ ബുദ്ധിമുട്ട്. 2 ആത്മഹതൻ=സ്വയം കൊല്ലപ്പെട്ടവൻ. 3 ഉൾത്തപിക്ക=പശ്ചാത്തപിക്ക.

മാർക്കണ്ഡേയൻ പറഞ്ഞു:
ചോദിച്ചാനാ ദ്വിജൻ ധർമ്മവ്യാധനോടതിപണ്ഡിതൻ:
ബ്രാഹ്മണൻ പറഞ്ഞു:
ഞാനെങ്ങനെ ധരിക്കേണ്ടു ശിഷ്ടാചാരം നരോത്തമ? 60
ഇതു കേൾപ്പാനാശ, നന്നായ്‌വരും തേ ധർമ്മവിത്തമ!
ബുദ്ധിയേറും വ്യാധ, ശരിക്കതു ചൊല്ലിത്തരേണമേ. 61

വ്യാധൻ പറഞ്ഞു:
യജ്ഞം, ദാനം, തപം, വേദം, സത്യവും, ദ്വിജസത്തമ!
പവിത്രങ്ങളിതഞ്ചത്രേ ശിഷ്ടാചാരത്തിൽ നിത്യവും. 62
കാമം, ക്രോധം, ദംഭമോനാർജ്ജവവും വെന്നു കേവലം
ധർമ്മമെന്നോർത്തു നന്ദിപ്പോർ ശിഷ്ടസമ്മതർ ശിഷ്ടരാം. 63
യജ്ഞസ്വാദ്ധ്യായശീലന്മാരവർക്കില്ലിഹ കാമ്യമേ
ആചാരലക്ഷണം രണ്ടാമത്തതാം ശിഷ്ടലക്ഷണം. 64
ഗുരുശുശ്രൂഷണം, സത്യം, ക്രോധമില്ലായ്ക, ദാനവും
ഇതു നാലുണ്ടു ഭൂദേവ, ശിഷ്ടാചാരത്തിൽ നിത്യവും. 65
ശിഷ്ടാചാരത്തിലുള്ളെല്ലിച്ചെണ്ടുമേററമുറപ്പൊടും
നേടുന്ന വൃത്തി സാധിക്കില്ലിവയില്ലാതെകണ്ടിഹ. 66
വേദത്തിൻ കാതലാം സത്യം സത്യത്തിൻ കാതലാം ദമം
ദമത്തിൻ കാതലാം ത്യാഗം ശിഷ്ടാചാരത്തിൽ നിത്യവും. 67
ധർമ്മത്തിലീർഷ്യവെയ്ക്കുന്നോർ ബുദ്ധിമോഹമിയന്നവർ
ദുർമ്മാർഗ്ഗത്തിൽ നടപ്പോരെ പിൻതുടർന്നോർക്കമിണ്ടലാം. 68
ശ്രുതിയും ത്യാഗവുമവലംബിച്ചോക്കുന്ന ശിഷ്ടരോ
ധർമ്മംവഴിക്കു കയറും സത്യധർമ്മാവലംബികൾ. 69
പരയാം ബുദ്ധിയും വെല്ലും ശിഷ്ടാചാരമിയന്നവർ
ഗുരുവിൻ കീഴിൽ നില്ക്കുന്നോർ നിലയാൽദ്ധർമ്മദർശികൾ 70
മര്യാദവിട്ടെഴും ക്രൂരർ പാപബുദ്ധികൾ നാസ്തികർ
ഒഴിക്കുകവരെ ജ്ഞാനംപൂണ്ടു ധാർമ്മികസേവയാൽ. 71
കാമലോഭഗ്രാഹ[1]മുള്ള പഞ്ചേന്ദ്രിയജലപ്പുഴ
കടക്കെടോ ജന്മദുർഗ്ഗങ്ങളുമേ ധൃതി[2]വഞ്ചിയാൽ. 72
ബുദ്ധിയോഗമയം ധർമ്മം ക്രമത്തിൽ സഞ്ചരിക്കുകിൽ
ശിഷ്ടാചാരത്തിലാം ശുഭ്രവസ്ത്രത്തിൽച്ഛായമാംവിധം. 73
അഹിംസ സത്യംപറക സർവ്വഭൂതഹിതം പരം
അഹിംസയോ പരം ധർമ്മമതോ സത്യത്തിൽ നില്പതാം. 74
സത്യത്തിലൂന്നിനിന്നല്ലോ നടക്കുന്നു പ്രവൃത്തികൾ
സത്യംതന്നെ പരം ശ്രേഷ്ഠം ശിഷ്ടാചാരാവലംബനം. 75
ആചാരമോ സാധുധർമ്മമാചാരപർ സജ്ജനം
ജീവിക്കേതോ പ്രകൃതി തൽഫലം താനേല്ക്കുമായവൻ. 76

1 കാമലോഭഗ്രാഹം=കാമലോഭങ്ങളാകുന്ന മുതലകൾ. 2 ധൃതി=ധൈര്യം.

അനാത്മജ്ഞൻ പാപി കാമക്രോധദോഷങ്ങളുള്ളുമേ
ന്യായത്തൊടൊത്തുള്ളാരംഭം ധൎമ്മമെന്നാണു കാണ്മതും. 77
അനാചാരമധൎമ്മംതാനെന്നല്ലോ ശിഷ്ടശാസനം
ക്രോധ,മീൎഷ്യ,യഹങ്കാരം, മാത്സര്യമിവയെന്നിയേ 78
ആൎജ്ജവംപൂണ്ട ശാന്തന്മാർ ശിഷ്ടാചാരർകളായ്‌വരും.
ത്രൈവിദ്യർ വൃദ്ധർ ശുദ്ധന്മാർ സുശീലന്മാർ മനസ്വികൾ 79
ഗുരുസേവകർ ദാന്തന്മാർ ശിഷ്ടാചാരർകളാകുമേ;
അസാദ്ധ്യാചാരകൎമ്മാക്കൾ സത്വവാന്മാരുമാമവർ. 80
സ്വകൎമ്മസൽകൃതരവൎക്കുഗ്രത്വാഘം[1] നശിക്കുമേ
പുരാണം ശാശ്വതം നിത്യമാസ്സദാചാരമത്ഭുതം. 81
ധൎമ്മം ധൎമ്മംകൊണ്ടു കണ്ടു വാനിലെത്തും മനീഷികൾ
മാനമില്ലാത്താസ്തികന്മാർ വിപ്രരെപ്പൂജചെയ്‌വവർ 82
അറിവും ശീലവും ചേൎന്നോർ സത്തന്മാർ വാനിൽ വാഴുമേ
വേദോക്തം പരമം ധൎമ്മം ധൎമ്മശാസ്ത്രോക്തമന്യമാം. 83
ശിഷ്ടൎക്കു ശിഷ്ടാചാരം മൂന്നിങ്ങനേ ധൎമ്മലക്ഷണം
ക്ഷമ സത്യാൎജ്ജവം ശൗചം സദാചാരനിദൎശനം. 84
എല്ലാരിലും കനിയുവോരഹിംസാപരരെപ്പൊഴും
പരുഷം പറയാ നിത്യം സത്തന്മാർ വിപ്രഭക്തരാം. 85
ശുഭാശുഭങ്ങളാം കൎമ്മങ്ങൾക്കുള്ള ഫലമാൎന്നതിൽ
വിപാകത്തെയറിഞ്ഞീടും ശിഷ്ടന്മാർ ശിഷ്ടസമ്മതർ. 86
ന്യായവാന്മാർ ഗുണാഢ്യന്മാർ സൎവ്വലോകഹിതൈഷികൾ[2]
സ്വൎഗ്ഗം നേടും ശുദ്ധർ സത്തർ സൽപ്പഥത്തിങ്കൽ നില്പവർ. 87
കൊടുക്കുവോർ പങ്കിടുവോർ ദീനരെക്കാത്തിടുന്നവർ
എല്ലവൎക്കും പൂജ്യരറിവാം ധനമുള്ളോർ തപസ്വികൾ 88
സൎവ്വഭൂതദയാവാന്മാർ ശിഷ്ടന്മാർ ശിഷ്ടസമ്മതർ
ദീനശിഷ്ടർ സുഖം ലോകം നേടീടുമിഹ ലക്ഷ്മിയും. 89
ഭാൎയ്യാഭൃത്യാദികൾക്കു പീഡപെടാതേ ശ്രദ്ധയോടുതാൻ
സത്തുക്കൾ ചെന്നാൽ സത്തുക്കളെതിമാത്രം കൊടുക്കുമേ. 90
ലോകയാത്രാധൎമ്മമാത്മഹിതവും നോക്കിടുന്നവർ
ഇമ്മട്ടു വാഴും സത്തുക്കൾ വൎദ്ധിക്കും[3] ഭൂരിവത്സരം 91
അഹിംസയും സത്യവാക്കുമാനൃശംസ്യവുമാൎജ്ജവം
അദ്രോഹം ഗൎവ്വമില്ലായ്ക നാണം ക്ഷാന്തി ശമം ദമം 92
ഭൂതാനുകമ്പ ധൃതിയും ബുദ്ധിയും ചേൎന്നിടുന്നവർ
കാമദ്വേഷങ്ങൾ കൈവിട്ട സത്തന്മാർ ലോകസാക്ഷികൾ. 93

1 ഉഗ്രത്വാഘം=നിൎദ്ദയത്വംകൊണ്ടുണ്ടാകുന്ന പാപം. 2 സൎവ്വലോകഹിതൈഷികൾ=എല്ലാവൎക്കും നന്മയുണ്ടാകണമെന്നു വിചാരിക്കുന്നവർ. 3 വൎദ്ധിക്കും=അഭിവൃദ്ധിയെ പ്രാപിക്കും.

സത്തുക്കൾക്കുത്തമപദം മൂന്നെന്നോതുന്നു സജ്ജനം
ദ്രോഹിക്കരുതു നല്കേണം സത്യം ചൊല്ലേണമെപ്പോഴും. 94
എങ്ങുമേ കനിവാർന്നീടും സങ്കടംകണ്ട സജ്ജനം
മുഖ്യമാം ധർമ്മമാർഗ്ഗത്തിൽപ്പോകുമിങ്ങതിനന്ദിയിൽ 95
ധർമ്മനിശ്ചയമുള്ളോരു ശിഷ്ടാചാരമഹാജനം
അനസൂയ ക്ഷമാ ശാന്തി സന്തോഷം പ്രിയമോതുക 96
കാമക്രോധങ്ങൾ വിടുക ശിഷ്ടാചാരാവലംബമാം
അറിവോടൊത്തിടും കർമ്മം മുഖ്യസന്മാർഗ്ഗമാണിഹ. 97
ശിഷ്ടാചാരത്തിൽ നില്ക്കുന്നു നിത്യവും ധർമ്മതൽപരർ
മഹാഭയം വിട്ടൊഴിവൂ പ്രജ്ഞാപ്രാസാദ[1]മേറിയോർ 98
പലമട്ടാം ലോകവൃത്തം നോക്കിക്കൊണ്ടും ദ്വിജോത്തമ!
അതിപുണ്യങ്ങൾ പാപങ്ങളിവ ദ്വിജവരോത്തമ! 99
ഇതൊക്കെച്ചൊല്ലിനേൻ പ്രജ്ഞാശ്രുതങ്ങൾ[2]ക്കൊത്തമട്ടു
ബ്രഹ്മൻ, ശിഷ്ടാചാരമൊന്നു പിടിച്ചിപ്പോൾ ദ്വിജർഷഭ! [ഞാൻ

## 208. ബ്രാഹ്മണവ്യാധസംവാദം

**കൗശികവ്യാധസംവാദം (തുടർച്ച). ധർമ്മവ്യാധൻ തന്റെ തൊഴിലിനെപ്പറ്റി പറയുന്ന കൂട്ടത്തിൽ ഹിംസയെപ്പറ്റി ഒരു നീണ്ട പ്രസംഗം തന്നെ ചെയ്യുന്നു. ഹിംസ ചെയ്യാത്തവനായി ഈ ലോകത്തിൽ ആരും തന്നെയില്ലെന്നും, വൃക്ഷലതാദികളിലും അണുജീവികളുള്ളതിനാൽ സസ്യഭുക്കും അറിയാതെയാണെങ്കിലും, ഹിംസ നടത്തുന്നുണ്ടെന്നും നല്ല ഒരു യുക്തിവാദിയുടെ നിലയിൽ ധർമ്മവ്യാധൻ സ്ഥാപിക്കുന്നു.**

മാർക്കണ്ഡേയൻ പറഞ്ഞു:

പിന്നെച്ചൊന്നാൻ വിപ്രനോടു ധർമ്മവ്യാധൻ യുധിഷ്ഠിര!

ധർമ്മവ്യാധൻ പറഞ്ഞു:

ഞാൻ ചെയ്യുവരുമീക്കർമ്മം ഘോരമാണില്ല സംശയം. 1
വിധിയോ ബലവാൻ ബ്രഹ്മൻ, കടക്കാവല്ല മുൻ കൃതം
മുൻ ചെയ്തിട്ടുള്ള പാപത്തിൻ കർമ്മദോഷവുമാണിതും. 2
ഈ ദോഷത്തെക്കളഞ്ഞീടാൻ ബ്രഹ്മൻ, യതിപ്പതുണ്ടു ഞാൻ
വിധി മുൻപേ കൊന്നതിന്മേൽ ഘാതകൻതാൻ നിമിത്തമാം.
ഈക്കർമ്മത്തിന്നിജ്ജനമോ നിമിത്തം മാത്രമാം ദ്വിജ!
കൊന്ന ജന്തുക്കൾതൻ മാംസം ഞാൻ വില്ക്കുന്നില്ലയോ ദ്വിജ! 4
ഉപയോഗേന ഭക്ഷിക്കിലവയ്ക്കും ധർമ്മമായ് വരും
പിതൃദേവാതിഥി നിജഭൃത്യന്മാരുടെ പൂജനം. 5

1 പ്രജ്ഞാപ്രാസാദം=ഭൂതം, വർത്തമാനം, ഭാവി എന്നീ മൂന്നു കാലങ്ങളെ സംബന്ധിച്ച കാര്യങ്ങളെ അറിയാനുള്ള ബുദ്ധിയാകുന്ന മാളിക. 2 പ്രജ്ഞാശ്രുതങ്ങൾ=അറിവും കേൾവിയും.

സസ്യൗഷധിച്ചെടികളും പശുപക്ഷിമൃഗങ്ങളും
ലോകർക്കന്നാദ്യമായ്ത്തീർന്നിതെന്നു കേൾപ്പുണ്ടു വേദവും. 6
തന്റെ മാംസം കൊടുത്തിട്ടു ശിബിയാമൗശീനരൻ നൃപൻ
ദുർഗ്ഗം സ്വർഗ്ഗംനേടിയല്ലോ ക്ഷമയുള്ളോൻ ദ്വിജോത്തമ! 7
മുന്നം നൃപൻ 'രന്തിദേവൻ'തൻ മടപ്പള്ളിയിൽ ദ്വിജ!
രണ്ടായിരം കൊന്നിരുന്നു നാളുതോറും പശുക്കളെ. 8
ദിവസംതോറുമേ രണ്ടായിരം ഗോഹിംസയിങ്ങനെ
മാംസച്ചോറു കൊടുക്കുന്ന രന്തിദേവനു നിത്യവും. 9
എതിരറ്റ യശസ്സുണ്ടായാ നൃപന്നോ ദ്വിജോത്തമ!
നിത്യം പശുക്കളെച്ചാതുർമ്മാസ്യത്തിൽക്കൊല്ലുമെന്നഹോ. 10
മാംസം കാംക്ഷിക്കുന്നിതഗ്നികളെന്നും കേൾപ്പു വേദവും;
നിത്യം യജ്ഞത്തിൽ വിപ്രന്മാർ വധിക്കുന്നു പശുക്കളെ; 11
മന്ത്രപാകംകൊണ്ടു വാനിലെത്തീടുന്നിതവറ്റയും.
മാംസകാംക്ഷികളായീല മുന്നമഗ്നികളെങ്കിലോ 12
ഭക്ഷ്യമാകില്ലായിരുന്നു മാംസമൊക്കെ ദ്വിജോത്തമ!
മാംസം തിന്നേണ്ട വിധിയും ചൊല്ലീട്ടുണ്ടു മഹർഷികൾ. 13
യഥാവിധി ശ്രദ്ധയൊത്തു പിതൃക്കൾക്കും സുരർക്കുമേ
കൊടുത്തു ശേഷം ഭക്ഷിക്കിൽ ദോഷമില്ലാ ഭുജിക്കിലും. 14
മാംസാശിയല്ലേവമായാലെന്നും കേൾപ്പുണ്ടു വേദവും
ആർത്തവത്തിൽ ദാരസംഗി ബ്രാഹ്മണൻ ബ്രഹ്മചാരിയാം 15
സത്യാനൃതത്തീപ്പു കല്പിച്ചീതിന്നും വിധി ചൊൽവതാം
'സൗദാസ'നാം മന്നനന്നു ഭക്ഷിച്ചു മർത്ത്യരെ ദ്വിജ! 16
ഏറ്റം ശാപാന്ധനായ്ത്തീർന്നിട്ടതിലും തെറ്റു കാണ്മു ഞാൻ
സ്വധർമ്മമെന്നുവെച്ചീ ഞാൻ മാറ്റുന്നീലാ ദ്വിജോത്തമ! 17
മുൻ കർമ്മഫലമെന്നോർത്തീത്തൊഴിലാൽ കഴിയുന്നു ഞാൻ;
ബ്രഹ്മൻ, സ്വധർമ്മം കൈവിട്ടോനധർമ്മമിഹ കാണുമേ. 18
സ്വധർമ്മനിഷ്ഠയുടയോൻ ധർമ്മംതാനെന്നു നിശ്ചയം
മുന്നം താൻ ചെയ്തുള്ള കർമ്മം വിട്ടുപോകില്ല ദേഹിയെ. 19
ധാതാവു കണ്ട വിധിയാം മുറ്റും ധർമ്മമുറയ്ക്കിതും
ക്രൂരകർമ്മത്തിൽ നില്ക്കുന്നോൻ പ്രജ്ഞയെക്കണ്ടുകൊള്ളണം. 20
ശുഭം ചെയ്യാറായ്‌വരില്ലേ വിട്ടിട്ടില്ലേ പരാഭവം
ആ ഘോരകർമ്മത്തിനുണ്ടാം പലപാടൊരു നിർണ്ണയം. 21
ദാനത്തിൽ സത്യവാക്കിങ്കൽ ഗുരുശുശ്രൂഷയിങ്കലും
ദ്വിജാർച്ചനത്തിൽധർമ്മത്തിങ്കലും ഞാൻ സക്തനെപ്പൊഴും 22
അഭിമാനാതിവാദങ്ങൾ* വിട്ടുനില്പേൻ ദ്വിജോത്തമ!
കൃഷിനന്നെന്നാണു മതമതിലും ഹിംസയാം പരം. 23

* അഭിമാനാതിവാദങ്ങൾ=ദുരഭിമാനവും അഹിതമായ ഭാഷണവും.

കരികൊണ്ടുഴവോർ കൊല്ലും മണ്ണിലുള്ള പലേതരം
ജീവജാലത്തെയും മററുമതിലും തെററു കാണ്മൂ ഞാൻ. 24
നെല്ലുതൊട്ടുള്ളോരു നാനാ ധാന്യബീജങ്ങളെ ദ്വിജ!
എല്ലാം ജീവികളാകുന്നിതതിലെന്തോർത്തിടേണ്ടു ഞാൻ? 25
പശുക്കളേയും ബലമായ് കൊന്നു തിന്നുന്നിതങ്ങനെ
വൃക്ഷൗഷധികൾ വെട്ടുന്നു മാനുഷന്മാർ ദ്വിജോത്തമ! 26
പല ജീവികളുണ്ടല്ലോ ബ്രഹ്മൻ, വൃക്ഷഫലങ്ങളിൽ
വെള്ളത്തിലും പലതരമതിലെന്തോർത്തിടേണ്ടു ഞാൻ? 27
പ്രാണി തിന്നും പ്രാണികളുണ്ടെങ്ങും വ്യാപിച്ചു ഭൂസുര!
മീനിനെ മീൻ തിന്നിടുന്നുണ്ടതിലെന്തോർത്തിടേണ്ടു ഞാൻ? 28
പ്രാണിയാൽ പ്രാണി ജീവിപ്പൂ പലമട്ടും ദ്വിജോത്തമ!
തമ്മിൽത്തിന്നും പ്രാണികളുണ്ടതിലെന്തോർത്തിടേണ്ടു ഞാൻ?
നടക്കുമ്പോൾ നിലത്തുള്ള പല ജീവികളേയുമേ
ചവിട്ടിക്കൊല്ലുമേ മർത്ത്യരതിലെന്തോർത്തിടേണ്ടു ഞാൻ? 30
ഇരിപ്പോഴും കിടപ്പോഴും കൊല്ലുന്നു പല ജീവിയെ
ജ്ഞാനവിജ്ഞാനവാന്മാരുമതിലെന്തോർത്തിടേണ്ടു ഞാൻ? 31
ജീവജാലം നിറഞ്ഞോന്നീയാകാശം ഭൂമിയും പരം
കൊല്ലുന്നുണ്ടറിയാതേയുമതിലെന്തോർത്തിടേണ്ടു ഞാൻ? 32
അഹിംസയെന്നു പണ്ടുള്ളോർ വിസ്മയാൽ ചൊല്ലിയില്ലയോ
ജീവഹിംസ കഴിക്കാതാരീ ലോകത്തിൽ ദ്വിജോത്തമ! 33
ഏറെയോർക്കുന്നുണ്ടിതെന്നാൽ ഹിംസിക്കാതില്ലൊരുത്തനും;
അഹിംസാതൽപ്പരന്മാരാം യതിമാരും ദ്വിജോത്തമ! 34
അവരും ഹിംസ ചെയ്യുന്നു യത്നം ചെയ്താൽ ചുരുക്കിടാം.
എണ്ണപ്പെട്ടുള്ള പുരുഷർ ഗുണവാന്മാർ കുലോന്നതർ 35
ഘോരകർമ്മങ്ങൾ ചെയ്യുന്നു ലജ്ജിക്കുന്നില്ലതാനുമേ.
ഇഷ്ടരിഷ്ടരെയും മററും വൈരിമാർ വൈരിമാരെയും 36
നന്നായ് നടപ്പോർകളെയും നന്നായ് നോക്കാത്തവററെയും
സംബന്ധബാന്ധവരെയും നന്ദിക്കുന്നില്ല ബാന്ധവർ 37
ഗുരുവേയും ധിക്കരിപ്പൂ മൂഢന്മാർ ബുധമാനികൾ.
ലോകത്തിൽ പലതും തെററിക്കണ്ടീടുന്നു ദ്വിജോത്തമ! 38
അധർമ്മം ധർമ്മമായ്ച്ചേർന്നതിലെന്തോർത്തിടേണ്ടു ഞാൻ?
ധർമ്മാധർമ്മക്രിയകളിൽ പലതോതാൻ കഴിഞ്ഞിടും; 39
സ്വധർമ്മപരനായുള്ളോൻ പെരുത്തും പുകൾ നേടിടും.

## 209. ബ്രാഹ്മണവ്യാധസംവാദം

**കൗശികവ്യാധസംവാദം (തുടർച്ച). കർമ്മഫലത്തെപ്പററി ധർമ്മവ്യാധൻ വിസ്തരിച്ചു പ്രതിപാദിക്കുന്നു. ഇഹജീവിതത്തിൽ കാണുന്ന ഉച്ചനീചത്വങ്ങളും മററും മുജ്ജന്മത്തിൽ ചെയ്ത കർമ്മത്തിൻെറ ഫലമാണെന്നാണ് വ്യാധൻ പറയുന്നതിൻെറ സംക്ഷേപം.**

മാർക്കണ്ഡേയൻ പറഞ്ഞു:

ധർമ്മവ്യാധൻ നിപുണമാംവണ്ണം വീണ്ടും യുധിഷ്ഠിര!
വിപ്രേന്ദ്രനോടിപ്രകാരമോതീ ധർമ്മിഷ്ഠസത്തമ! 1

വ്യാധൻ പറഞ്ഞു:

ശ്രുതിപ്രമാണമീധർമ്മമെന്നത്രേ വൃദ്ധശാസനം.
സൂക്ഷ്മം ധർമ്മത്തിൻെറ പോക്കു ബഹുശാഖമനന്തമാം. 2

പ്രാണനാശത്തിലും വേളിക്കായും പൊളി പറഞ്ഞിടാം
അനൃതത്താൽ സത്യമുണ്ടാം സത്യത്താലനൃതം പെടും. 3

ഏററം ഭൂതഹിതംതന്നെ സത്യമെന്നാണു നിശ്ചയം
ധർമ്മം മറിച്ചെന്നു വരാം ധർമ്മസൂക്ഷ്മത കാണെടോ. 4

ശുഭമോ താനശുഭമോ കർമ്മം ചെയ്താൽ ദ്വിജോത്തമ!
അതിൻെറ ഫലമേററീടും നരൻ സംശയമില്ലതിൽ. 5

വിഷമസ്ഥിതിയിൽപ്പെട്ടോൻ നിന്ദിക്കും ദൈവതങ്ങളെ
താൻ ചെയ്ത കർമ്മദോഷങ്ങളറിയില്ലറിവററവൻ. 6

മൂഢൻ ചതിപ്പോൻ ചപലനായ മർത്ത്യൻ ദ്വിജോത്തമ!
എപ്പോഴും സുഖദുഃഖങ്ങാം മാറീട്ടനുഭവിക്കുമേ. 7

അവനെക്കാത്തിടാ ബുദ്ധി പൗരുഷം ഗുരുശിക്ഷയും
ആരെന്തു കാമമിച്ഛിപ്പതാക്കാമമവനേല്ക്കുമേ; 8

ക്രിയാഫലം പൗരുഷത്തിന്നപരാധീന*മാവണം.
സംയതന്മാർ സമർത്ഥന്മാർ ബുദ്ധിമാന്മാരുമായവർ 9

സർവ്വകർമ്മം കെട്ടു ഫലം തെററിക്കാണുന്നതില്ലയോ?
വേറിട്ടൊരുത്തൻ ഭൂതൗഘഹിംസയ്ക്കായി മുതിർന്നവൻ 10

ലോകവഞ്ചകനെന്നാലുമെന്നും വാഴുന്നു സൗഖ്യമായ്.
ഒന്നും ചെയ്യാതിരുന്നീടിലൊരാളിൽ ശ്രീയണഞ്ഞിടും; 11

ഒരുത്തൻ വേല ചെയ്താലും കിട്ടേണ്ടതു കിടച്ചിടാ.
ദേവയജ്ഞതപം ചെയ്ത സാധു പുത്രാർത്ഥികാംക്ഷഹോ 12

വയററിൽപ്പത്തുമാസം പാർത്തുണ്ടാം വംശം കെടുക്കുവോർ.
വേറേ ചിലർ ധനം ധാന്യമച്ഛൻ നേടിയ ഭാഗ്യവും 13

പെരുത്തിവയൊടൊത്തുണ്ടായ് വരുമാ മംഗളത്തിനാൽ.
കർമ്മജങ്ങളാം മനുഷ്യർക്കു രോഗങ്ങളുമസംശയം 14

ബാധിപ്പതുണ്ടാധികളും വ്യാധർ മാൻകളെയാംവിധം.

---

* അപരാധീനം = സ്വാധീനം.

നമ്മരുന്നുള്ളറിവെഴും പടുവൈദ്യപ്രമാണികൾ 15
വ്യാധർ മാനുകളെപ്പോലെ മാററും വ്യാധികളെ ദ്വിജ!
ഉണ്ണുവാൻ വകയുള്ളോരും ഗ്രഹണീദോഷപീഡയാൽ 16
ഉണ്മാൻ വയ്യാതെ കേഴുന്നു നോക്കു ധർമ്മിഷ്ഠസത്തമ!
വേറേ ചില ബലിഷ്ഠന്മാർ പലരും ക്ലേശമേററിഹ 17
പണിപ്പെട്ടിട്ടു നേടുന്നു ഭക്ഷണം ദ്വിജസത്തമ!
ഏവം ജനം നിസ്സഹായം ശോകമോഹാർത്തരായഹോ 18
ഊക്കൻ കർമ്മപ്രവാഹത്തിൽപ്പെട്ടൊലിക്കുന്നു മുററുമേ.
ചാവില്ലാ ജരയേല്ക്കില്ലാ സർവ്വരും സർവ്വകാമികൾ 19
വശിത്വ[1]മുടയോരെങ്കിലപ്രിയം കാണ്കയില്ലവർ.
ലോകത്തിനുടെ മേന്മേലേ ചെയ്‌വാനുന്നീടുമേവരും; 20
യത്നിച്ചു ശക്തിപോലെന്നാലതമ്മട്ടാവതില്ലിഹ.
പലരും തുല്യനക്ഷത്രജാതകം ചേർന്നു കാണ്കിലും 21
ഫലം വളരെ മാറീട്ടു കാണുന്നു കർമ്മസന്ധിയിൽ.
സ്വയം നേടീടുവാൻ ബ്രഹ്മൻ, ചിലക്കാവില്ല സത്തമ! 22
കർമ്മത്താൽ പ്രാകൃതന്മാക്കും സിദ്ധി കാണുന്നതുണ്ടിഹ;
ശ്രുതിപ്പടിക്കുതാൻ ബ്രഹ്മൻ, ജീവനത്രേ സനാതനൻ. 23
ലോകത്തിൽ പ്രാണികൾക്കെല്ലാം ശരീരം നശ്വരം പരം
ശരീരത്തെ വധിക്കുമ്പോൾ നാശം ദേഹത്തിനേ വരൂ. 24
കർമ്മബന്ധംപോലെ ജീവൻ മറെറാരേടത്തു കേറുമേ.

ബ്രാഹ്മണൻ പറഞ്ഞു:

കർമ്മവേദിശ്രേഷ്ഠ, ജീവൻ നിത്യനായ്‌ നില്പതെങ്ങനെ? 25
തത്ത്വമായിട്ടിതറിവാനാഗ്രഹം വാഗ്മിസത്തമ!

വ്യാധൻ പറഞ്ഞു:

ജീവൻ നശിക്കില്ലുടൽ മാറിടുമ്പോൾ
തെററാണു ചൊൽക്കെന്നു വിമൂഢവാദം
ദേഹാന്തരം പൂണ്ടു ഗമിപ്പു ജീവൻ;
പഞ്ചത്വ[2]മാകുന്നു ശരീരഭേദം. 26
മനുഷ്യലോകത്തൊരുവന്റെ കർമ്മ-
ഫലത്തെ വേറിട്ടൊരുവൻ ഭുജിക്കാ;
താൻ ചെയ്ത കർമ്മത്തിനെഴും ഫലത്തെ-
ത്താനേല്ക്കുമേ ചെയ്തതിനില്ല നാശം. 27
സുപുണ്യരാകുന്നിതു പുണ്യശീലർ
പാപിഷ്ഠരോ നീചമനുഷ്യരാമേ
സ്വകർമ്മമേ പിൻതുടരുന്ന മർത്ത്യൻ
പിറക്കുമേ തൻ പരിപാകമട്ടിൽ[3]. 28

---

1 വശിത്വം=സ്വാധീനശക്തി. 2 പഞ്ചത്വം=പഞ്ചഭൂതനിർമ്മിതമായ ശരീരം തിരികെ പഞ്ചഭൂതങ്ങളിൽ ചെന്നുചേരുന്ന അവസ്ഥ; മരണം. 3 തൻ പരിപാകമട്ടിൽ=തന്റെ കർമ്മപരിപാകമനുസരിച്ച്‌.

ബ്രാഹ്മണൻ പറഞ്ഞു:

യോനിപ്പിറപ്പെങ്ങനെ പുണ്യപാപഗതിയെങ്ങനെ?
സന്മതേ, പുണ്യപാപാഢ്യജാതിയാത്രയുമെങ്ങനെ? 29

വ്യാധൻ പറഞ്ഞു:

ഗർഭാധാനസമായോഗമൊത്താണീക്കർമ്മദർശനം
പരം ചുരുക്കിപ്പറയാമുടൻ നിന്നോടു ഞാൻ ദ്വിജ! 30
സംഭാരങ്ങളൊരുക്കീട്ടു വീണ്ടും ജന്മം പെടുംപടി
ശുഭയോനിക്കു ശുഭവാൻ പാപിയോ പാപയോനിയിൽ. 31
ശുഭങ്ങൾ ചെയ്താൽ ദേവത്വം, കലർന്നാൽ[1] മർത്ത്യഭാവമാം
പാപി താഴ്ന്ന തമസ്സേറും തിര്യഗ്യോനിയിലാപ്പെടും. 32
ജന്മമൃത്യുജരാദുഃഖവ്യാകുലത്വം കലർന്നഹോ
താൻ ചെയ്ത കർമ്മപാകങ്ങളാർന്നുഴന്നീടുമേ നരൻ. 33
പല തിര്യഗ്യോനികളിൽ കിടന്നു നരകത്തിലും
ജീവങ്ങൾ ചുററിത്തിരിയും കർമ്മബന്ധപ്പടിക്കതാൻ. 34
ജന്തു താൻ ചെയ്ത കർമ്മങ്ങളാലേ ചത്തിങ്ങലാണ്ടഹോ
അതാതു ദുഃഖമേല്പാനായ് പാപയോനിയിലാപ്പെടും. 35
പിന്നെയും പുതുതായിട്ടു പല കർമ്മങ്ങൾ ചെയ്തിടും
വീണ്ടുമിണ്ടൽപ്പെട്ടുമപഥ്യാശിയാം[2] രോഗിപോലവേ. 36
എപ്പോഴും മാഴ്കി മാൽപൂണ്ടു സുഖമെന്നും നിനച്ചഹോ
പിന്നെബ്ബന്ധം നിലയ്ക്കാതെ കർമ്മം വീണ്ടുമുദിക്കയാൽ 37
സംസാരത്താൽത്തിരിഞ്ഞീടും ചക്രംപോലേററമാർത്തനായ്.
അവൻ ബന്ധം ക്ഷയിച്ചാലോ കർമ്മത്താൽശ്ശുദ്ധനായഹോ
തപോയോഗത്തിലാരംഭം ചെയ്തീടും ദ്വിജസത്തമ!
പല കർമ്മംകൊണ്ടു ലോകങ്ങളും നേടീടുമേ നരൻ. 39
അവൻ ബന്ധമഴിച്ചാലോ കർമ്മത്താൽ ശുദ്ധനായഹോ
അങ്ങെത്തിയാൽ ദുഃഖമററും പുണ്യലോകങ്ങൾ നേടിടും. 40
പാപംചെയ്യും പാപശീലർ പാപത്തിൻ കരയെത്തിടാ
അതിനാൽ ചെയ്യണം പുണ്യം പാപം വർജ്ജിച്ചുകൊള്ളണം. 41
കൃതജ്ഞനീർഷ്യയില്ലാത്തോൻ സേവിച്ചീടും ശുഭങ്ങളെ
സുഖങ്ങൾ ധർമ്മമർത്ഥംതാൻ സ്വർഗ്ഗവും നേടുമാ നരൻ. 42
സംസ്കാരമൊത്തവൻ ദാന്തൻ നിയതൻ യതമാനസൻ
പ്രാജ്ഞൻ നേടും വൃത്തിയിഹലോകത്തിങ്കൽ പരത്തിലും. 43
സാധുധർമ്മം കൊൾക ശിഷ്ടാചാരക്രിയകൾ ചെയ്യുക
ലോകപീഡ വരുത്താതെ വൃത്തിയിച്ഛിക്ക ഭൂസുര! 44
സ്വധർമ്മത്താൽ ചെയ്തു പാരിൽക്കർമ്മം സങ്കരമെന്നിയേ

---

1 കലർന്നാൽ=ശുഭാശുഭങ്ങൾ കലർന്നതാണു് കർമ്മമെങ്കിൽ. 2 അപഥ്യാശി=പഥ്യമല്ലാത്തതു ഭക്ഷിക്കുന്നവൻ.

ഉണ്ടല്ലോ ശാസ്ത്രമറിയും ശിഷ്ടരാഗമവേദികം. 45
പ്രാജ്ഞൻ രമിപ്പൂ ധമ്മത്താൽ ധമ്മത്താൽ വൃത്തിനേടിടും
അധമ്മത്താൽ കിട്ടിടുന്ന വിത്തത്താലേ ദ്വിജോത്തമ! 46
ഗുണങ്ങളം കാണ്മതെന്തിങ്കലതിൻ വേരേ നനച്ചിട്ടു
ധമ്മാത്മാവേവമാകുന്നിതവന്നുള്ളം തെളിഞ്ഞിടും; 47
അവൻ മിത്രജനപ്രീതനിങ്ങുമങ്ങും സുഖിച്ചിടും
ശബ്ദം സ്പർശം രൂപമിഷ്ടഗന്ധങ്ങളിവയാൽ ദ്വിജ! 48
പിന്നെ പ്രഭുത്വവും നേടുമിതത്രേ ധമ്മസൽഫലം
ധമ്മത്തിൻ ഫലമേററാലും തൃപ്തനാകില്ല ഹേ ദ്വിജ! 49
അതൃപ്തനായി നിവ്വേദ[1]മേന്തീടും ജ്ഞാനദൃഷ്ടിയാൽ;
ജ്ഞാനദൃഷ്ടി പെടും മത്ത്യനിങ്ങു ദോഷത്തിലേപ്പെടാ. 50
വിരക്തനാമിച്ഛപോലെ ധമ്മം വിട്ടിടുകില്ലതാൻ
ലോകം നശ്വരമായ്ക്കണ്ടു സവ്വത്യാഗത്തിനുന്നിടും; 51
ഉപായം വിട്ടല്ലപായാൽ പിന്നെ മോക്ഷത്തിനുന്നിടും.
ഏവം നിവ്വേദവും നേടും പാപകമ്മം വെടിഞ്ഞിടും 52
ധമ്മശീലനുമായ്ത്തീരും മോക്ഷവും നേടിടും പരം.
ജ്ഞാനം മോക്ഷത്തിന്നു മൂലമതിന്മൂലം ശമം ദമം 53
അതിനാലുള്ളിലോക്കുന്ന കാമമെല്ലാം നശിച്ചിടും[2].
ഇന്ദ്രിയങ്ങൾക്കുള്ള ജയം സത്യം ദമമിവററിനാൽ 54
ബ്രാഹ്മണൻ ബ്രാഹ്മണശ്രേഷ്ഠ, നേടീടും പരമാം പദം.

ബ്രാഹ്മണൻ പറഞ്ഞു:

ഏതെല്ലാമാണിന്ദ്രിയങ്ങളെന്നുള്ളവ യതവ്രത!
നിഗ്രഹിപ്പോന്നെങ്ങനെ നിഗ്രഹിച്ചാൽ ഫലമെന്തുവാൻ? 55
അവക്കെങ്ങനെ കിട്ടുന്നു ഫലം ധമ്മിഷ്ഠസത്തമ!
ആഗ്രഹം മേ കേൾപ്പതിന്നീദ്ധമ്മതത്ത്വമുരയ്ക്കു മേ. 56

## 210. ബ്രാഹ്മണമാഹാത്മ്യം

**കൗശികവ്യാധസംവാദം (തുടർച്ച). ഇന്ദ്രിയാധീനതകൊണ്ടുള്ള ദോഷം, സജ്ജനസഹവാസത്തിന്റെ സൽഫലം, ബ്രാഹ്മീവിദ്യയുടെ സ്വരൂപം എന്നിവയെപ്പററി ധമ്മവ്യാധൻ വിവരിക്കുന്നു.**

മാക്കണ്ഡേയൻ പറഞ്ഞു:

ഇമ്മട്ടു വിപ്രൻ ചൊന്നോരു ധമ്മവ്യാധൻ യുധിഷ്ഠിര!
വിപ്രനോടുത്തരം ചൊന്ന മട്ടുടൻ കേൾക്ക മന്നവ! 1

1 നിവ്വേദം=വൈരാഗ്യം. 2 ഇവിടെ 'ലഭിച്ചിടും' എന്നാണു വേണ്ടതെന്നുതോന്നുന്നു. ''തേന സവ്വാനവാപ്നോതി കാമാൻ യാൻ മനസേച്ഛതി'' എന്നാണു മൂലം. അതുകൊണ്ടു്, 'ഉള്ളിൽ വിചാരിക്കുന്നതെല്ലാം സാധിക്കുന്നു' എന്നത്ഥം.

വ്യാധൻ പറഞ്ഞു:

മനുഷ്യൎക്കറിവിന്നാദ്യം പ്രവൎത്തിക്കുന്നു മാനസം
അതു ചെന്നേല്ക്കുന്നു കാമം ക്രോധമെന്നിവയിൽ ദ്വിജ! 2
അതിന്നു പിന്നെ യത്നിച്ചു കൎമ്മം ചെയ്യുന്നിതേററവും
ഇഷ്ടപ്പെട്ടും രൂപഗന്ധമിവ ശീലിച്ചു കൂടുമേ. 3
പിന്നെ രാഗം ജനിച്ചീടും ദ്വേഷവും താനതിന്നുമേൽ
പിന്നെ ലോഭം ജനിച്ചീടും മോഹവും താനതിന്നുമേൽ: 4
പിന്നെ ലോഭത്തിലാപ്പെട്ടു രാഗദ്വേഷാൎത്തനങ്ങനെ
ധൎമ്മത്തിൽ ബുദ്ധിയൊക്കില്ലാ ധൎമ്മം ദംഭാൽ നടത്തിടും. 5
വ്യാജാൽ ഭാവിച്ചിടും ധൎമ്മമൎത്ഥം വ്യാജാൽ കൊതിച്ചിടും
വ്യാജത്താൽ കൈവരും വിത്തങ്ങളെന്നിട്ടോ ദ്വിജോത്തമ! 6
അതിൽബ്ബുദ്ധി രമിച്ചിട്ടു പാപം ചെയ്‌വാനൊരുങ്ങിടും
ഇഷ്ടന്മാരും ദ്വിജന്മാരും തടുത്താലോ ദ്വിജോത്തമ! 7
ശ്രുതിമാൎഗ്ഗത്തിലെത്താതെ ശ്രുതിവാക്കൊത്തുമുത്തരം
രാഗദ്വേഷാൽ മൂന്നുതരമവന്നുണ്ടാമധൎമ്മവും 8
പാപം വിചാരിക്കുമോത്തും ചെയ്യുംകൊണ്ടീടുമങ്ങനെ
അധൎമ്മത്തിൽപ്പെട്ടവന്നു സൽഗ്ഗുണങ്ങൾ നശിച്ചിടും. 9
പാപം ചെയ്‌വാനാത്തരക്കാർ വേഴ്ചക്കാരായിയും വരും
അതിലായാൽ ദുഃഖമെല്ലാം പരലോകത്തിലും കെടും. 10
പാപാത്മാവേവമുണ്ടാവും കേളിനി ധൎമ്മലാഭവും
മുൻകൂട്ടിബ്ബുദ്ധികൊണ്ടിട്ടീദ്ദോഷം കാണുന്ന പൂരുഷൻ 11
സുഖദുഃഖങ്ങളിൽ ദക്ഷൻ സേവിക്കും സജ്ജനങ്ങളെ
അവന്നു സാധുയത്നത്താൽധൎമ്മത്തിൽ ബുദ്ധി ചെന്നിടും. 12

ബ്രാഹ്മണൻ പറഞ്ഞു:

ചൊൽവൂ സൂനൃതമാം ധൎമ്മമന്യനില്ലവയോളുവാൻ
ദിവ്യപ്രഭാവനാണാര്യമഹൎഷിയിതി മന്മതം. 13

വ്യാധൻ പറഞ്ഞു:

ബ്രാഹ്മണന്മാർ യോഗ്യർ നിത്യമഗ്രഭോജി പിതൃക്കളും
എല്ലാംകൊണ്ടുമവൎക്കിഷ്ടം ചെയ്യേണമറിവുള്ളവൻ. 14
അവൎക്കെന്തിഷ്ടമെന്നും ഞാൻ പറയാം ദ്വിജസത്തമ!
ബ്രാഹ്മണൎക്ക വണങ്ങീട്ടാ ബ്രാഹ്മിയാം വിദ്യ കേൾക്ക മേ. 15
ഈയജയ്യം വിശാലമാകും ജഗത്തൊക്കെയുമെങ്ങുമേ
മഹാഭൂതാത്മകം ബ്രഹ്മമതല്ലാതില്ല പെററുമേ. 16
മഹാഭൂതങ്ങളാകാശം, കാററു, തീ, വെള്ള,മൂഴിയും
ശബ്ദം, സ്പൎശം, രൂപ,രസ,ഗന്ധങ്ങളിവ തൽഗ്ഗുണം. 17
ഗുണങ്ങളുണ്ടായവയ്ക്കും ഗുണവൃത്തി കലൎന്നിടും
മുൻമുൻഗ്ഗുണങ്ങളുണ്ടെല്ലാം കാമാൽ ഗുണികൾ മൂന്നിനും. 18

ആറാമതോ ചേതനാഖ്യം മനസ്സെന്നോതിടുന്നതാം
ഏഴാമതുള്ളതാം ബുദ്ധിയഹങ്കാരമതിൽപ്പരം 19
അഞ്ചിന്ദ്രിയങ്ങളാത്മാവു രജസ്സത്വം തമസ്സുമേ
ഇച്ചൊന്ന പതിനേഴെണ്ണമവ്യക്താഭിധമാണിഹ. 20
ഇന്ദ്രിയാത്ഥങ്ങളാം ഗുഢവ്യക്താവ്യക്തങ്ങളൊത്തിഹ
ഇതാണിരുപത്തും നാലും വ്യക്താവ്യക്തമയം ഗുണം 21
ഇതെല്ലാമിങ്ങു ചൊന്നേൻ ഞാനിനിക്കേറ്റംകേണ്ടതെന്തുവാൻ?

## 211. ബ്രാഹ്മണവ്യാധസംവാദം

**കൗശികവ്യാധസംവാദം (തുടർച്ച). പഞ്ചേന്ദ്രിയങ്ങളുടെ പ്രവത്തനവും ഇന്ദ്രിയനിഗ്രഹംകൊണ്ടുള്ള ഗുണവും വിവരിക്കുന്നു.**

**മാക്കണ്ഡേയൻ പറഞ്ഞു:**

ആ വിപ്രനീവിധം ധമ്മവ്യാധച്ചൊൽ കേട്ട ഭാരത!
മനസ്സിൽ പ്രീതി വദ്ധിക്കും പ്രസംഗം ചൊല്ലി വീണ്ടുമേ. 1

**ബ്രാഹ്മണൻ പറഞ്ഞു:**

മഹാഭൂതങ്ങളഞ്ചെണ്ണം ചൊല്ലീലേ ധമ്മവിത്തമ!
എന്നോടു ചൊല്ലു വെവ്വേറെയപയഞ്ചിൻ ഗുണങ്ങളും. 2

**വ്യാധൻ പറഞ്ഞു:**

ഭൂമിയംഭസ്സു തേജസ്സു വായുവാകാശവും ക്രമാൽ
ഗുണോത്തരങ്ങളാണോതാമവറ്റുള്ള ഗുണങ്ങളെ. 3
ഭൂമിക്കു ഗുണമഞ്ചംഭസ്സിന്നു നാലു ഗുണം ദ്വിജ!
തേജസ്സിനോ മൂന്നു ഗുണം മൂന്നാം വായുനഭോയുഗേ* 4
ശബ്ദം സ്പശം രൂപമേവം രസം ഗന്ധവുമഞ്ചിഹ
ഈയഞ്ചു ഗുണവും ഭൂമിക്കെല്ലാററിലുമുയന്നതാം. 5
ശബ്ദം സ്പശം രൂപമേവം രസവും ദ്വിജസത്തമ!
അംഭസ്സിന്നോതിനേനിങ്ങീഗ്ഗുണങ്ങളയി സുവ്രത! 6
ശബ്ദം സ്പശം രൂപവും മൂന്നല്ലോ തേജസ്സുതൻ ഗുണം
ശബ്ദം സ്പശം വായുവിന്നു ശബ്ദം മാത്രം നഭസ്സിനും 7
പഞ്ചഭൂതങ്ങളിൽ ബ്രഹ്മൻ, പതിനഞ്ചീവിധം ഗുണം.
ഉണ്ടു ലോകങ്ങളൊക്കെ നിലനില്ക്കുന്ന ഭൂതത്തിലൊക്കയും 8
തമ്മിൽച്ചേരാതെ നില്ക്കില്ലായവ ശോഭിക്കുമേ ദ്വിജ!
ചരാചരങ്ങളൊക്കെ വിഷയീഭാവമാന്നീടുമപ്പൊഴേ 9
ദേഹി മറെറാരു ദേഹത്തിൽക്കേറുന്നു കാലശക്തിയാൽ.
ക്രമത്തിൽ നാശമേല്ക്കുന്നു ജനിക്കുന്നു ക്രമത്തിലേ 10

---

* മൂന്നാം വായുനഭോയുഗേ=വായുവിനും നഭസ്സിനുംകൂടി മൂന്നു ഗുണം; വായുവിനു രണ്ടും നഭസ്സിനു് ഒന്നും എന്ന ക്രമത്തിൽ.

പാഞ്ചഭൌതികധാതുക്കളെതാതിൽക്കാണുമങ്ങനെ.
ഈച്ചരാചരമാം വിശ്വമവനാലൊക്കെയാവൃതം 11
വ്യക്തമാണിന്ദ്രിയങ്ങൾക്കു സംസൎഗ്ഗം പെട്ടതൊക്കയും.
അവ്യക്തമാണെന്നറിക ലിംഗഗ്രാഹ്യമതീന്ദ്രിയം 12
ശബ്ദാദികൾക്കിന്ദ്രിയങ്ങൾ യഥാസ്വം ഗ്രാഹകങ്ങളാം.
ദേഹിധാരകനെപ്പോലെ തപിക്കുമ്പോഴതൊക്കയും 13
താൻ ലോകവ്യാപിയായിട്ടും ലോകം തങ്കൽ നിരന്നമേ
പരാപരജ്ഞൻ കാണുന്നു സക്തനായ് ഭൂതസഞ്ചയം. 14
സൎവ്വാവസ്ഥയിലും സൎവ്വം സൎവ്വദാ കണ്ടിട്ടുംപടി
ബ്രഹ്മഭൂതന്നശുഭസംയോഗമുണ്ടാകയില്ലിഹ 15
ജ്ഞാനമൂലാത്മകക്ലേശം തീൎന്നോരു പുരുഷാൎത്ഥവും.
ലോകവൃത്തി തെളിഞ്ഞീടും ജ്ഞാനമാൎഗ്ഗത്തിലൊക്കമേ 16
അനാദ്യന്തൻ നിത്യനാത്മയോനിയാം ജീവനവ്യയൻ
ഉപമാമൂൎത്തിരഹിതനെന്നോതീ ബുദ്ധിമാൻ വിഭു. 17
ഭവാനെന്നോടു ചോദിച്ചതൊക്കയും മൂലമാം തപം
തപസ്സിങ്ങിന്ദ്രിയജയത്താലാണല്ലാതെ പററിടാ. 18
സ്വൎഗ്ഗം നരകവും രണ്ടുമെല്ലാമിങ്ങിന്ദ്രിയങ്ങൾതാൻ
നിഗ്രഹിച്ചാൽ സ്വൎഗ്ഗമഴിച്ചിട്ടാൽ നരകമാണിവ. 19
സമ്പൂൎണ്ണമാം യോഗവിധിയീയൊരിന്ദ്രിയനിഗ്രഹം
ഇതുമൂലം തപസ്സിന്നും മുററുമേ നരകത്തിനും. 20
ഇന്ദ്രിയങ്ങടെ സംഗത്താൽദ്ദോഷം നേടുമസംശയം
അവയെത്താനടക്കീടുകെന്നാലോ സിദ്ധി നേടുമേ. 21
നിത്യങ്ങളാകുമീയാറുമാത്മാവിൽ കീഴടക്കിയാൽ
ജിതേന്ദ്രിയനവൻ പാപമേല്ക്കില്ലെങ്ങുമനൎത്ഥവും. 22

തേരാം ശരീരം പുരുഷന്നു പാൎക്കി—
ലാത്മാ സൂതൻ ഹയമാണിന്ദ്രിയങ്ങൾ
തെററാതവററാൽ ദാന്തഹയ*ങ്ങളാലേ
സുഖം പോകും രഥിയെപ്പോലെ ധീരൻ. 23

ആത്മാവിനൊക്കെയൊട്ടേറെയൂക്കുള്ളാറിന്ദ്രിയങ്ങടെ
കടിഞ്ഞാണു പിടിക്കുന്ന ധീരൻ പെരിയ സാരഥി. 24
വഴിക്കശ്വങ്ങളെപ്പോലെ പായുമാറിന്ദ്രിയങ്ങളെ
നടത്താൻ ധൃതി കൈക്കൊൾക ധൃതിയാൽ വെന്നിടാം ദൃഢം.
ചരിക്കുമിന്ദ്രിയങ്ങൾക്കു പിന്തുണയ്ക്കും മനസ്സഹോ
ഹരിക്കും ബുദ്ധിയും കാററു വെള്ളത്തിൽ തോണിപോലവേ.
മോഹംകൊണ്ടിവയാറിങ്കലാശിച്ചീടും ഫലാഗമം
അവയിൽ ത്യാജ്യമെന്നോൎപ്പോൻ സമാധിഫലമാണ്ടിടും. 27

---

* ദാന്തഹയങ്ങൾ=മെരുക്കിയ കുതിരകൾ.

## 212. ബ്രാഹ്മണവ്യാധസംവാദം

**കൗശികവ്യാധസംവാദം (തുടർച്ച). ഗുണത്രയത്തിന്റെ സ്വഭാവത്തെ വിവരിക്കയാണ് ഈ അദ്ധ്യായത്തിൽ.**

മാർക്കണ്ഡേയൻ പറഞ്ഞു:

ധർമ്മവ്യാധൻ സൂക്ഷ്മമായിട്ടിതോതിക്കേട്ടു ഭാരത!
ബ്രാഹ്മണൻ പിന്നെയും സൂക്ഷ്മം ചോദിച്ചു ശ്രദ്ധയോടുടൻ. 1

ബ്രാഹ്മണൻ പറഞ്ഞു:

സത്വത്തിന്നും രജസ്സിന്നും തമസ്സിന്നും യഥാക്രമം
ഗുണങ്ങൾ തത്ത്വമായ്ച്ചൊല്ലു ചോദിക്കുന്നെന്നൊടിപ്പൊഴേ.

വ്യാധൻ പറഞ്ഞു:

ഹന്ത ചൊല്ലാം ഭവാനോടീച്ചോദിച്ചീടുന്നതിന്നു ഞാൻ
വെവ്വേറെ കേൾക്ക ഞാൻ ചൊല്ലുമവറ്റിന്റെ ഗുണങ്ങളെ. 3

തമസ്സു മോഹകമിഹ രജസ്സത്രേ പ്രവർത്തകം
പ്രകാശാത്മകമാം സത്വം ശ്രേഷ്ഠമെന്നാണരപ്പത്തും. 4

അവിദ്യാപ്രായനായ് മൂഢനുറക്കക്കാരനാം ജളൻ
ദുഃസ്ഥേന്ദ്രിയൻ ക്രോധനനാം മടിയേറുന്ന താമസൻ. 5

ചൊൽവോൻ ചെയ്‌വോൻ വിചാരിപ്പോനീഷ്യ വിട്ടോൻ നരോത്തമൻ
ഉത്സാഹമാനസ്തംഭാഢ്യ[1]നവൻ വിപ്രേന്ദ്ര, രാജസൻ. 6

പാരം തെളിഞ്ഞവൻ ധീരൻ നിർവ്വിധിത്സ[2]നനീഷ്യനും
ധീമാനകോപനൻ ദാന്തനവനാകുന്നു സാത്വികൻ. 7

സാത്വികൻ മതിമാൻ ലോകവൃത്തത്താൽ ക്ലേശമാർന്നിടും
അറിയേണ്ടതറിഞ്ഞിട്ടു ലോകവൃത്തം വെറുത്തിടും. 8

വൈരാഗ്യത്തിൻ പൂർവ്വരൂപം മുൻകൂട്ടിത്താൻ തുടങ്ങിടും
മൃദുവാം ഗർവ്വു കൂടാതെയാർജ്ജവത്താൽത്തെളിഞ്ഞിടും. 9

ദ്വന്ദ്വങ്ങ[3]ളെല്ലാമവനു ശമിച്ചീടും പരസ്പരം
കാണില്ലവനു സന്ദേഹമൊരേടത്തുമൊരിക്കലും. 10

ശൂദ്രജാതിയിലുണ്ടായോൻ സൽഗ്ഗുണോപാസനത്തിനാൽ
വൈശ്യത്വം നേടിടും വിപ്ര ക്ഷത്രിയത്വവുമങ്ങനെ. 11

ആർജ്ജവത്തിലിരിപ്പോനു സിദ്ധിക്കും ബ്രാഹ്മണത്വവും
ഗുണങ്ങളെല്ലാം ചൊന്നേൻ ഞാനിനിക്കേൾക്കേണ്ട—
[തെന്തുവാൻ? 12

---

1 ഉത്സാഹമാനസ്തംഭാഢ്യൻ=ഉത്സാഹം, അഭിമാനം, ആത്മാഭിമാനത്തിന്റെ ആധിക്യത്താൽ അകാരണമായി മറ്റെല്ലാവരോടും വഴങ്ങാതിരിക്കൽ എന്നീ ഗുണങ്ങളുള്ളവൻ. 2 നിർവ്വിധിത്സൻ=എന്തെങ്കിലും ചെയ്യാനുള്ള അത്യാഗ്രഹംകൊണ്ട് എടുത്തുചാടാതിരിക്കുന്നവൻ. 3 ദ്വന്ദ്വങ്ങൾ=സുഖദുഃഖങ്ങൾ, മാനാവമാനങ്ങൾ മുതലായവയിലുള്ള ദ്വൈധീഭാവം.

## 213. ബ്രാഹ്മണവ്യാധസംവാദം

**കൗശികവ്യാധസംവാദം (തുടർച്ച). പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ എന്നീ പഞ്ചവായുക്കൾ, ജഠരാഗ്നി എന്നിവയുടെ പ്രവർത്തനങ്ങളെപ്പററിയുള്ള വിവരണം.**

**ബ്രാഹ്മണൻ പറഞ്ഞു:**

ഭൗമധാതുവിലായ് ശാരീരാഗ്നിയുണ്ടാവതെങ്ങനെ
അവകാശം പിടിച്ചഗ്നി ചേഷ്ടിപ്പിപ്പതുമെങ്ങനെ? 1

**മാർക്കണ്ഡേയൻ പറഞ്ഞു:**

ഇപ്രകാരം ബ്രാഹ്മണന്റെ ചോദ്യത്തിന്നു യുധിഷ്ഠിര!
മഹാത്മാവാം ബ്രാഹ്മണനോടാ വ്യാധൻ ചൊല്ലിയുത്തരം. 2

**വ്യാധൻ പറഞ്ഞു:**

മൂർദ്ധാവിനെ ശ്രയിച്ചഗ്നി ദേഹം രക്ഷിച്ചു നില്പതാം
ചേഷ്ടിപ്പിക്കുന്നു മൂർദ്ധാഗ്നിസംശ്രയൻ പ്രാണനിങ്ങനെ. 3

ഭൂതഭവ്യ ഭവിഷ്യങ്ങളെല്ലാം പ്രാണനിൽ നില്പതാം
ആബ്ഭൂതശ്രേഷ്ഠമാം ബ്രഹ്മയോനിയെസ്സേവചെയ്‌വു നാം. 4

അജ്ജീവൻ ഭൂതജാതാത്മാവാകും ശാശ്വതപൂരുഷൻ
മഹാൻ ബുദ്ധിയഹങ്കാരം ഭൂതതന്മാത്രമായവൻ. 5

ഏവമായവനെ 'പ്രാണൻ' പാലിപ്പൂ സർവ്വഭാഗവും
താൻ തന്റെ ഗതി കൈക്കൊൾകെപ്പിൻപേ കാപ്പൂ 'സമാന--
വസ്തി മൂലം ഗുദം വഹ്നിയിവയെപ്പററി നില്പവൻ [നൻ'.
മലമൂത്രങ്ങളെ വഹിച്ചിളകുന്നീ'തപാനനും'. 7

യത്നം കർമ്മം ബലമിവ പ്രവർത്തിപ്പിച്ചിടുന്നവൻ
'ഉദാനനെ'ന്നു ചൊല്ലുന്നധ്യാത്മജ്ഞാനമുള്ളവർ. 8

മർത്ത്യദേഹത്തിലെസ്സന്ധിതോറുമെങ്ങുമിരിപ്പവൻ
'വ്യാനനെ'ന്നോത്തുമനിലനാണെന്നാകുന്നു ചൊൽവതും 9

ധാതുക്കളിൽ പരന്നഗ്നിവായുപ്രേരണയാൽ പരം
രസം ധാതുക്കൾ ദോഷങ്ങളിവ വർത്തിച്ചു പായുമേ. 10

പ്രാണങ്ങൾതൻ സന്നിപാതാൽ സന്നിപാതം ഭവിക്കുമേ
ദേഹികന്നം പചിച്ചീടുമൂഷ്മാവാണോർക്ക പാവകൻ. 11

സമാനോദാനമധ്യത്തിൽ നില്പൂ പ്രാണനപാനനും
അവർ ചേർന്നുഭവിച്ചഗ്നി ദേഹപാകം നടത്തുവോൻ. 12

അവന്നന്തം വായുഗുദസംജ്ഞിതാപാനനങ്ങനെ
തന്മൂലം ദേഹിതൻ പ്രാണങ്ങൾക്കു നാഡികൾ കാണുതും. 13

അഗ്നിവേഗാഹതൻ പ്രാണൻ ഗുദാന്തത്തിലടിക്കുമേ
അവൻ വീണ്ടുമുയർന്നേന്തീട്ടുയർത്തീടുന്നു വഹ്നിയെ. 14

പക്വാശയം നാഭിയിൻ കീഴാമാശയമിതിന്നു മേൽ
ശരീരത്തിൻ നാഭിമധ്യേ നില്പൂ പ്രാണങ്ങളൊക്കയും. 15

ഹൃദയത്തിങ്കൽനിന്നേന്തി മേലും കീഴും വിലങ്ങുമായ്
പ്രാണയോഗാലന്നരസം വഹിപ്പൂ പത്തു നാഡികാം. 16

യോഗികാക്കിതുതാൻ മാഗ്ഗം പരമാം പദമെത്തുവാൻ
ജിതക്ലമം[1] സമം ധീരരാത്മാവാകുന്ന മൂദ്ധനി. 17

ദേഹികാക്കൊക്കയീവണ്ണം പ്രാണാപാനപ്രവൃത്തിയാം
പതിനൊന്നു വികാരാത്മാ കലാസംഭാരമാന്നവൻ. 18

മൂത്തിമാനവനെന്നോക്ക നിത്യൻ കമ്മജിതാത്മകൻ
അഗ്നി നിത്യം സ്ഥാലി[2]യിലാമ്മട്ടതിങ്കലിരിപ്പവൻ. 19

ആത്മാവവനറിഞ്ഞാലും നിത്യൻ യോഗജിതാത്മകൻ
പത്മപത്രത്തിൽ വെള്ളംപോലതിൽ നില്പോരു ദേവനെ 20

ക്ഷേത്രജ്ഞനെന്നറിഞ്ഞാലും നിത്യൻ യോഗജിതാത്മകൻ.
ജീവാത്മകങ്ങളെന്നോക്ക രജസ്സുതപം തമസ്സുമേ 21

ഓക്കകാത്മഗുണം ജീവനാത്മാവത്രേ പരാത്മകൻ.
സചേതനം ജീവഗുണം കഥിപ്പൂ
ചെയ്‌വോൻ ചെയ്യിപ്പോനതെല്ലാമവൻതാൻ
അവന്നു മേലായ് ഭുവനങ്ങളേഴും
കല്പിപ്പോനേ ക്ഷേത്രവിത്തുക്കാം ചൊൽവൂ. 22

പ്രകാശിക്കുന്നു ഭൂതാത്മാവേവം ഭൂതത്തിലൊക്കയും
ജ്ഞാനവേദികാം കാണുന്നു മുഖ്യയാം സൂക്ഷ്മബുദ്ധിയാൽ. 23

ചിത്തപ്രസാദത്താലങ്ങു തീർപ്പൂ കമ്മം ശുഭാശുഭം
ആത്മസ്ഥനായ് പ്രസന്നാത്മാവനന്തസുഖമേന്തുമേ. 24

തൃപ്ത്യാ സുഖം സ്വപ്നമട്ടാം പ്രസാദത്തിന്റെ ലക്ഷണം
കാററില്ലാത്തോരിടം നന്നായ്ക്കത്തും ദീപംകണക്കിലും. 25

രാവിന്നാദ്യന്തകാലത്തു മനം യോഗത്തിലാക്കുവോൻ
ലഘ്വാഹാരം ശുദ്ധചിത്തൻ ബ്രഹ്മമുംക്കൊണ്ടു കാണുമവൻ. 26

മനോദീപത്തിനാൽ ദീപത്തിനാലാമ്മട്ടു കാണുമേ;
ദുർഗ്ഗുണാത്മാവിനെക്കണ്ടാലവനപ്പോാ വിമുക്തനാം. 27

ഉപായമെല്ലാംകൊണ്ടിട്ടും ലോഭം ക്രോധവിനിഗ്രഹം
പവിത്രമിതു ലോകക്ക സേതുവാകും തപസ്സുതാൻ 28

തപസ്സു കാക്കുക ക്രോധാൽ ധമ്മം കാക്കുക മത്സരാൽ
വിദ്യയേ മാനാവമാനാൽ സ്വാത്മാവെത്തെറ്റിൽനിന്നുമേ. 29

ആനൃശംസ്യം പരം ധമ്മം ക്ഷമയോ പരമാം ബലം
ആത്മജ്ഞാനം പരം ജ്ഞാനം സത്യം വ്രതപരം വ്രതം. 30

സത്യത്തിന്നോ വാക്കു മുഖ്യം സത്യമോ ഹിതബോധമാം
അത്യന്തം ഭൂതഹിതമായുള്ളൊന്നേ സത്യമാം പരം. 31

1 ജിതക്ലമം=ക്ഷീണം തട്ടാതെ. 2 സ്ഥാലി=ഉരുളി.

എന്നും നിഷ്കാമകർമ്മങ്ങളായെല്ലാം ചെയ്തിടുന്നവൻ
ത്യാഗേ ഹുതം സർവ്വമാർന്നോനവൻതാൻ ത്യാഗി ബുദ്ധിമാൻ.
ഇതു ചൊല്ലിക്കൊടുക്കാതെയുപപാദിപ്പതതിനെ
അതാണോർക്ക ബ്രഹ്മയോഗം വിയോഗം യോഗസംജ്ഞമേ.
ഹിംസിച്ചീടരുതാരേയും മൈത്രിയോടും ചരിക്കണം
ഈജ്ജീവിതമെടുത്തിട്ടു വൈരം ചെയ്യരുതാർക്കുമേ. 34
നിഷ്കിഞ്ചനത്വം* സന്തോഷം നിഷ്കാമത്വമചാപലം
ഇതുതന്നെ പരം ജ്ഞാനം സദാത്മജ്ഞാനമുത്തമം. 35
സത്വബുദ്ധി വെടിഞ്ഞിട്ടു നിയമവ്രതനാവണം
ദൃഢവൈരാഗ്യമുൾക്കൊണ്ടു പരലോകത്തുമിങ്ങുമേ. 36
തപോനിത്യൻ ദാന്തനേററം സംയതാശയനാം മുനി
അജിതം വെല്ലുവാനോർക്ക സംഗങ്ങളിലസംഗിയായ്. 37
ഗുണാഗുണം സംഗമററതേകകാര്യമനന്തരം
സുഖമേകപദം ബ്രഹ്മവൃത്തമെന്നോതിടുന്നതും. 38
ദുഃഖവും സുഖവും രണ്ടും കൈവിടുന്നോരു പൂരുഷൻ
അത്യന്തമാം ബ്രഹ്മമെത്തുമസംഗത്താലണഞ്ഞിടും. 39
യഥാശ്രുതമിതൊക്കേയും ചുരുക്കത്തിൽ ദ്വിജോത്തമ!
ഇതാ സർവ്വം ചൊല്ലിനേൻ ഞാനിനിക്കേൾക്കേണ്ടതെന്തുവാൻ?

## 214. ബ്രാഹ്മണവ്യാധസംവാദം

**കൌശികവ്യാധസംവാദം (തുടർച്ച). അച്ഛനമ്മമാരുടെ ശുശ്രൂഷയാണ് തന്റെ സർവ്വാഭ്യുദയങ്ങൾക്കും കാരണമെന്നു് ധർമ്മവ്യാധൻ ബ്രാഹ്മണനെ പ്രത്യക്ഷമായി കാണിച്ചുകൊടുക്കുന്നു.**

മാർക്കണ്ഡേയൻ പറഞ്ഞു:

മോക്ഷധർമ്മം സർവ്വമേവം ചൊന്നവാറു യുധിഷ്ഠിര!
ദൃഢപ്രീതിയൊടും വിപ്രൻ ധർമ്മവ്യാധനൊടോതിനാൻ: 1

ബ്രാഹ്മണൻ പറഞ്ഞു:

"ന്യായം ചേരുംപടിക്കാണ ഭവാനീച്ചൊന്നതൊക്കെയും
ധർമ്മങ്ങളിൽക്കാണ്മതില്ലങ്ങറിഞ്ഞീടാതെയൊന്നുമേ." 2

വ്യാധൻ പറഞ്ഞു:

എനിക്കു ധർമ്മം പ്രത്യക്ഷമുണ്ടു കാണുക ദ്വിജോത്തമ!
എന്തുകൊണ്ടീസ്സിദ്ധി കിട്ടിയെന്നും ബ്രാഹ്മണപുംഗവ! 3
ഭഗവാനെഴുന്നേററാലും വീട്ടിനുള്ളിൽക്കടന്നുടൻ
ധർമ്മജ്ഞ, കണ്ടുകൊണ്ടാലുമെന്റെ മാതാപിതാക്കളെ. 4

മാർക്കണ്ഡേയൻ പറഞ്ഞു:

എന്നുകേട്ടവനുൾപ്പുക്കു കണ്ടു പരമപൂജിതം

---

* നിഷ്കിഞ്ചനത്വം = ഒന്നും സമ്പാദിക്കായ്ക.

ഒട്ടേറെബ്ഭംഗിയാം നാലുകെട്ട മാളികയങ്ങനെ. 5
ദേവാലയത്തിനെപ്പോലെ ദേവപൂജിതമാംവിധം
ശയ്യാസനങ്ങളും ദിവ്യഗന്ധവും ചേൻവണ്ണമേ. 6
അതിൽശ്ശുക്ലാംബരം ചാൎത്തിപ്പൂജയേററച്ഛനമ്മമാർ
ഊണും കഴിച്ചു നന്ദിച്ചു പീഠത്തിങ്കലിരിപ്പതായ്. 7
അവരെക്കണ്ടുടൻ ധമ്മവ്യാധൻ കാല്ക്കൽപ്പതിച്ചുതേ.

വൃദ്ധന്മാർ പറഞ്ഞു:

എഴുന്നേല്ക്കുക ധമ്മജ്ഞ, ധമ്മം നിന്നെബ്ഭരിക്കുമേ 8
തുഷ്ടരായ് ഞങ്ങളും നിൻ ശൌചാൽ[1] ദീർഘായുസ്സായിരിക്ക
വേണ്ടും ഗതി തപം ജ്ഞാനം മേധയും പരമാൻ നീ [നീ.
പുത്ര, സൽപ്പുത്രനാകും നീ കാലേ പൂജിപ്പു ഞങ്ങളെ. 9
നിനക്കു ദേവകളിലും വേറിട്ടില്ലൊരു ദൈവതം
ശുദ്ധിയാൽ ബ്രാഹ്മണക്കൊക്കും ദമമുള്ളവനാണു നീ. 10
അച്ഛൻെറ മുത്തച്ഛരുമേ മുതുമുത്തച്ഛരും പരം
പുത്ര, നിന്നിൽ പ്രീതർ ദമാൽ ഞങ്ങളിൽപ്പൂജയാലുമേ. 11
ശുശ്രൂഷയ്ക്കില്ല കുറവു മനോവാക്കമ്മവൃത്തിയാൽ
നിനക്കു ബുദ്ധി മാറീട്ട കണ്ടീടുന്നില്ല സാമ്പ്രതം. 12
ജാമദഗ്ന്യൻ രാമനേതുവിധം പൂജിച്ചു വൃദ്ധരെ
അമ്മട്ടെല്ലാമതിന്മെച്ചമായും നീ ചെയ്തു പുത്രക! 13

മാൎക്കണ്ഡേയൻ പറഞ്ഞു:

പിന്നെയാ വിപ്രനെദ്ധമ്മവ്യാധൻ കാട്ടിയവക്കുടൻ
അവരാ വിപ്രനെപ്പൂജചെയ്തു സ്വാഗതവാക്കിനാൽ. 14
ആപ്പൂജയേററവരൊട്ടു ചോദിച്ചാനപ്പൊഴാ ദ്വിജൻ.

ബ്രാഹ്മണൻ പറഞ്ഞു:

പുത്രഭൃത്യാന്വിതം നിങ്ങൾക്കിഗ്ഗൃഹേ സുഖമല്ലയോ? 15
അനാമയവുമല്ലല്ലീ നിങ്ങൾക്കുടലിനെപ്പൊഴും?

വൃദ്ധന്മാർ പറഞ്ഞു:

ഞങ്ങൾക്കെല്ലാബ്ഭൃത്യക്കമീഗ്ഗൃഹേ കുശലം ദ്വിജ!
ഭഗവാനെ, ഭവാൻ വിഘ്നമില്ലാതല്ലല്ലീ വന്നതും? 16

മാൎക്കണ്ഡേയൻ പറഞ്ഞു:

അതേയെന്നവരോടോതീ വിപ്രൻ നന്ദിയൊടുത്തരം
അവനെപ്പാത്തുടൻ ധമ്മവ്യാധനിങ്ങനെ ചൊല്ലിനാൻ: 17

വ്യാധൻ പറഞ്ഞു:

ഭഗവാനേയെൻെറ ദൈവമിവരെന്നച്ഛനമ്മമാർ
ദേവകൾക്കായ്ച്ചെയ്തിടേണ്ടതിവക്കായ്ച്ചെയ്തിടുന്നു ഞാൻ.
ഇന്ദ്രൻമുതല്ക്കു മുപ്പത്തിമൂന്നു ദേവകളെങ്ങനെ
ഏവക്കും പൂജ്യരമ്മട്ടീ വൃദ്ധന്മാർ പൂജ്യരാണു മേ. 19
ഉപഹാരങ്ങൾ[2] വാനോക്കു വിപ്രന്മാർ നിത്യമെങ്ങനെ

1 ശൌചാൽ=സജ്ജനസമ്മതമായ നടപടിയാൽ. 2 ഉപഹാരം=കാഴ്ചദ്രവ്യം.

ചെയ്‌വൂ ഞാനാവിധം ചെയ്യുമിവർക്കിങ്ങിളവെന്നിയേ. 20
എനിക്കിവർ പരം വിപ്ര, പിതാക്കൾ പരദൈവതം
നന്ദിപ്പേനവരെ ഞാൻ പൂ, കായി, രത്നങ്ങളാൽ ദ്വിജ! 21
ഇവർതന്നെ മനീഷീന്ദ്രർ വാഴ്ത്തുമഗ്നികളിങ്ങു മേ
യജ്ഞങ്ങൾ നാലു വേദങ്ങളെല്ലാമിവർ മമ ദ്വിജ! 22
ഇവർക്കുവേണ്ടിയെൻ പ്രാണൻ ഭാര്യ പുത്രൻ സുഹൃജ്ജനം
പുത്രഭാര്യാന്വിതം നിത്യം ശുശ്രൂഷിച്ചുവരുന്നു ഞാൻ. 23
ഇവരെ ഞാൻ കുളിപ്പിക്കും ഞാൻതാൻ കാൽ കഴുകിച്ചിടും
ആഹാരവും ഞാൻ മതിയെക്കൊടുക്കും ദ്വിജസത്തമ! 24
അനുകൂലം ചൊല്ലുമേവമപ്രിയം വിട്ടൊഴിച്ചിടും
അധർമ്മമാകിലുമവർക്കിഷ്ടം ഞാൻ ചെയ്തുകൊള്ളുമേ. 25
ഏവം ധർമ്മം ഗുരുവത്തു കണ്ടു ചെയ്‌വേൻ ദ്വിജോത്തമ!
ഇളയ്ക്കാതെന്നുമേ വിപ്ര, ശുശ്രൂഷിച്ചുവരുന്നു ഞാൻ. 26
ബുഭുക്ഷുവാം നരന്നഞ്ചു ഗുരുക്കന്മാർ ദ്വിജോത്തമ!
അച്ഛനമ്മയുമങ്ങഗ്നിയാത്മാവും ഗുരുവും ദ്വിജ! 27
ഇവരിൽത്താൻ നല്ലവണ്ണം വർത്തിക്കിൽ ദ്വിജസത്തമ!
അവന്നഗ്നികളെപ്പോഴും പരിചീർണ്ണ*ങ്ങളായ്‌വരും; 28
ഗൃഹസ്ഥവൃത്തിയായുള്ളോന്നിതു ശാശ്വതധർമ്മമാം.

## 215. ബ്രാഹ്മണവ്യാധസംവാദം

**കൗശികവ്യാധസംവാദം (തുടർച്ച). ഗൃഹത്തിൽച്ചെന്നു് മാതാപിതാക്കളെ ശുശ്രൂഷിക്കാൻ ധർമ്മവ്യാധൻ ആ ബ്രാഹ്മണനെ ഉപദേശിക്കുന്നു. ബ്രാഹ്മണന്റെ അപേക്ഷയനുസരിച്ചു് വ്യാധൻ തന്റെ പൂർവ്വജന്മവൃത്താന്തം വിവരിക്കുന്നു. മുജ്ജന്മത്തിൽ ഒരു മഹർഷി വ്യാധനെ ശപിച്ച കഥ.**

മാർക്കണ്ഡേയൻ പറഞ്ഞു:

വിപ്രനോടാഗ്ഗുരുക്കന്മാർ പിതാക്കളെയുരച്ചുടൻ
വീണ്ടും ധർമ്മിഷ്ഠനാം ധർമ്മവ്യാധൻ വിപ്രനൊടോതിനാൻ. 1

വ്യാധൻ പറഞ്ഞു:

ദിവ്യചക്ഷുസ്സായിനേൻ ഞാൻ തപസ്സിൻ ശക്തി കാണുക നീ
മിഥിലയ്ക്കുണ്ടു പോകെന്നായവളെന്തിനു ചൊല്ലിയോ 2
പതിശുശ്രൂഷ ചെയ്യുന്നോൾ ദാന്തയാൾ സത്യശീലയാൾ
വ്യാധൻ പാർപ്പു മിഥിലയിലവൻ തേ ധർമ്മമോതിടും. 3

ബ്രാഹ്മണൻ പറഞ്ഞു:

യതവ്രത, പരം സത്യശീലമുള്ളാപ്പതിവ്രത
ചൊന്ന വാക്കോർത്തു ധർമ്മജ്ഞ, ഗുണി നീയെന്നുറച്ചു ഞാൻ. 4

* പരിചീർണ്ണം=അനുഷ്ഠിക്കപ്പെട്ടതു്. (അഗ്നികൊണ്ടു് അനുഷ്ഠിക്കപ്പെടേണ്ട സൽക്കർമ്മങ്ങൾ അനുഷ്ഠിച്ച ഫലം കിട്ടും പിതൃശുശ്രൂഷകൊണ്ടെന്നർത്ഥം.)

വ്യാധൻ പറഞ്ഞു:

അവളപ്പോഴോ ദ്വിജശ്രേഷ്ഠ, ചൊല്ലീലേ മൽപ്പുരം പ്രഭോ!
ആപ്പതിവ്രതയാം കണ്ടതുള്ളതാണില്ല സംശയം. 5
അങ്ങേക്കനുഗ്രഹത്തിന്നായ് വിപ്ര, ഞാനിതു കാട്ടിനേൻ
താത, കേൾക്കുക ഞാൻ ചൊല്ലും ഹിതവാക്യത്തെയും ദ്വിജ! 6
മാതാപിതാക്കളെ നിരാകരിച്ചു നീ ദ്വിജോത്തമ!
അവർ വിട്ടിട്ടല്ല ഗൃഹം വിട്ടു നീ ഹന്ത പോന്നതും. 7
വേദം ചൊല്ലീടുവാൻ വേണ്ടീട്ടങ്ങാച്ചെയ്തതയുക്തമായ്
നിൻ ദുഃഖത്താൽ വൃദ്ധരവരന്ധന്മാരായ് തപസ്വികൾ. 8
തൽപ്രസാദത്തിനായ്പ്പോക ധർമ്മത്തെററു വരൊല്ല തേ
നീ തപസ്വി മഹാത്മാവു നിത്യവും ധർമ്മതൽപ്പരൻ. 9
പാഴാമിതെല്ലാമവരെ പ്രസാദിപ്പിക്ക ചെന്നുടൻ;
ബ്രഹ്മൻ, ശ്രദ്ധിക്കുകെൻപേരിൽ മററുമാതിരി ചെയ്യൊലാ 10
ഇപ്പോഴോ പൊയ്ക്കൊൾക വിപ്രർഷേ, നിൻ ശ്രേയസ്സോതിടുന്നു [ഞാൻ.

ബ്രാഹ്മണൻ പറഞ്ഞു:

അങ്ങീപ്പറഞ്ഞതൊക്കേയും സത്യമാണില്ല സംശയം
പ്രീതനായ് ഞാൻ മംഗളം തേ ധർമ്മാചാരഗുണാംബുധേ! 11

വ്യാധൻ പറഞ്ഞു:

ദൈവത്തെപ്പോലെയുള്ളോൻ നീ പുരാണം ശാശ്വതം പരം
അജ്ഞർക്കപ്രാപ്യമാം ദിവ്യധർമ്മം താനാശ്രയിക്കയാൽ. 12
മാതാപിതാക്കൾക്കരികിൽച്ചെന്നു നീ ദ്വിജസത്തമ!
മാതാപിതാക്കൾതൻ പൂജ ചെയ്കുടൻ മടിയെന്നിയേ 13
ഞാൻ കണ്ടീടുന്നില്ലിതിലും മേലെ മററൊരു കർമ്മവും

ബ്രാഹ്മണൻ പറഞ്ഞു:

ഭാഗ്യത്താൽ ഞാനിങ്ങു വന്നേൻ ഭാഗ്യം നിന്നോടണഞ്ഞു ഞാൻ
ഇമ്മട്ടു ധർമ്മം കാണിക്കുന്നവർ ദുർല്ലഭരൂഴിയിൽ. 14
ആയിരത്തിലൊരാളുണ്ടാം ധർമ്മവിത്തല്ലയെന്നുമാം
നിൻ സത്യത്താൽ പ്രീതനായ് ഞാൻ ശുഭം തേ പുരുഷർഷഭ!
നരകത്തിൽച്ചാടുമെന്നെക്കയററീ കേവലം ഭവാൻ
ഇതെൻെറ യോഗമാണങ്ങേക്കാണായതനഘാശയ! 16
സത്തുക്കളാകും ദൌഹിത്ര*ന്മാർ നരേന്ദ്രൻ 'യയാതി'യെ
വീണപ്പോൾ കേററിയവിധം നീ കേററീ വിപ്രനെന്നെയും.
മാതാപിതാക്കളേ ശുശ്രൂഷിപ്പേൻ നിൻ വാക്കിനാലെ ഞാൻ.
അകൃതാത്മാവോതുകില്ലാ ധർമ്മാധർമ്മവിനിശ്ചയം. 18
ദുർജ്ഞേയം നിത്യമാം ധർമ്മം നില്ക്കുന്നു ശൂദ്രയോനിയിൽ
നീ ശൂദ്രനല്ലെന്നോർക്കുന്നേൻ കാരണംകൊണ്ടു വന്നതാം. 19

---

* ദൌഹിത്രൻ = പുത്രിയുടെ പുത്രൻ.

എന്തു കർമ്മവിശേഷത്താൽ ശൂദ്രനായിപ്പിറന്നു നീ?
തത്ത്വമോടായതുമറിഞ്ഞീടുവാനുണ്ടൊരാഗ്രഹം. 20
പ്രയതാത്മാവു സത്യത്താലെൻ കാമം ചൊല്ലു ശേഷവും.

വ്യാധൻ പറഞ്ഞു:

വിപ്രരെത്തെററി നിന്നീടാൻ വയ്യെനിക്കെൻ ദ്വിജോത്തമ!
എന്റെ മുജ്ജന്മത്തിലുമെൻ കഥ കേളനഘാശയ! 21
ദ്വിജശ്രേഷ്ഠാത്മജൻ മുന്നം ബ്രാഹ്മണൻതന്നെയാണു ഞാൻ
വേദാഭ്യായി പരം ദക്ഷൻ വേദാംഗങ്ങളറിഞ്ഞവൻ. 22
ആത്മദോഷങ്ങളാൽ വിപ്ര, പെട്ടേനീയൊരവസ്ഥയിൽ
ഒരു രാജാവെനിക്കിഷ്ടൻ ധനുർവ്വേദപരായണൻ. 23
സംസർഗ്ഗംകൊണ്ടു ഞാൻ വില്ലിൽ പടുവായീടിനേൻ ദ്വിജ!
അക്കാലത്തൊരു ദിനം നായാടാൻ പോയി മന്നവൻ 24
യോധശ്രേഷ്ഠന്മാർകളും മന്ത്രികളുമേവരുമൊത്തവൻ.
പിന്നെക്കൊന്നു പല മൃഗങ്ങളെയാശ്രമസന്നിധൌ 25
അപ്പോൾ ഞാനും ഘോരമാകുമൊരമ്പെയ്തേൻ ദ്വിജോത്തമ!
മൊട്ടുഴിഞ്ഞുള്ളൊരാമ്പാണം തറച്ചിതു മഹർഷിയിൽ 26
മന്നിൽ വീണു മുഴങ്ങുമ്മാറോതിനാനായവൻ ദ്വിജ!
"ആർക്കും ഞാൻ പിഴ ചെയ്തിട്ടില്ലാരീദൃഷ്ടത ചെയ്തവൻ?" 27
ഞാൻ മാനെന്നോർത്തു വേഗമടുത്തെത്തീടിനേൻ പ്രഭോ!
മൊട്ടുഴിഞ്ഞുള്ളമ്പു മെയ്യിൽക്കൊണ്ടു കണ്ടേൻ മുനീന്ദ്രനെ. 28
അകാര്യം ചെയ്കയാലെന്റെ മനസ്സേററം വിറച്ചുപോയ്.
മണ്ണിൽക്കിടന്നുരുളുമാത്തപസ്സേറുന്ന വിപ്രനെ 29
അറിയാതിതു ചെയ്തേൻ ഞാനെന്നുണർത്തിച്ചു പിന്നെ ഞാൻ;
എൻ തെറെറല്ലാം പൊറുക്കേണമെന്നും മുനിയോടോതിനേൻ.
ക്രോധം മൂർച്ഛിച്ചുകൊണ്ടെന്നോടപ്പോളോതീ മഹർഷിയും:
"വ്യാധനായ് നീ ക്രൂരശൂദ്രജാതിയാ"മെന്നുടൻ ദ്വിജ! 31

## 216. ബ്രാഹ്മണവ്യാധസംവാദം

കൗശികവ്യാധസംവാദം (തുടർച്ച). ശാപമോക്ഷത്തിനായി യാചിച്ചപ്പോൾ അടുത്ത ജന്മത്തിൽ നീ ഒരു വ്യാധനായി ജനിക്കുമെങ്കിലും ധർമ്മജ്ഞനായി വരുമെന്നും കർമ്മഫലം അനുഭവിച്ചുകഴിയുമ്പോൾ ബ്രാഹ്മണനായിത്തീരുമെന്നും പറഞ്ഞ് മഹർഷി അയാളെ സമാധാനപ്പെടുത്തുന്നു. സന്തുഷ്ടിയാണ് ഏററവും വലിയ ധനമെന്നു വ്യാധൻ ബ്രാഹ്മണനോടു പറയുന്നു.

വ്യാധൻ പറഞ്ഞു:

ഏവം മുനി ശപിച്ചപ്പോളി ഞാൻ ദ്വിജവരോത്തമ!
എന്നെ രക്ഷിക്കുകെന്നോതിക്കനിയിച്ചു മഹർഷിയെ. 1

അറിയാതീവിധം തെററു ചെയ്തുപോയ് ഞാൻ മഹാമുനേ!
എല്ലാം പൊറുക്ക ഭഗവൻ, പ്രസാദിച്ചാലുമെന്നുടൻ. 2

ഋഷി പറഞ്ഞു:

ശാപം മാററാവുന്നതല്ലിതിപ്രകാരം വരും ധ്രുവം
ആനൃശംസ്യംകൊണ്ടു നിനക്കൊന്നു ചെയ്യാമനുഗ്രഹം. 3
ശൂദ്രജാതിയിലായും നീ പരം ധർമ്മജ്ഞനായ്‌വരും
അച്ഛനമ്മകളെശ്ശുശ്രൂഷിക്കുമില്ലൊരു സംശയം. 4
ആ ശുശ്രൂഷയിനാൽ നേടും സിദ്ധി മാഹാത്മ്യവും ഭവാൻ
മുജ്ജന്മമോർമ്മയുണ്ടാകും സ്വർഗ്ഗത്തിലുമണഞ്ഞിടും. 5
ശാപക്ഷയം വന്നുവെന്നാൽ വീണ്ടും ബ്രാഹ്മണനായ്‌വരും.

വ്യാധൻ പറഞ്ഞു:

ഏവം പണ്ടുഗ്രതേജസ്സാം മുനിയെന്നെശ്ശപിച്ചതേ 6
പ്രസാദവും ചെയ്തിതെന്നിലവൻ മാനുഷപുംഗവ!
അവന്റെ മേൽനിന്നമ്പൂരിയെടുത്തേൻ ദ്വിജസത്തമ! 7
ഞാനാശ്രമത്തിൽക്കൊണ്ടാക്കീ മൃതനായതുമില്ലവൻ
എന്റെ മുജ്ജന്മചരിതമിതെല്ലാം നിന്നോടോതിനേൻ. 8
സ്വർഗ്ഗത്തിലെല്ലാടത്തും ഞാൻ പോകുംതാനും ദ്വിജോത്തമ!

ബ്രാഹ്മണൻ പറഞ്ഞു:

ഈവണ്ണം സുഖദുഃഖങ്ങൾ തേടീടുമിഹ പൂരുഷർ
മഹാബുദ്ധേ, ഭവാനേതുമുൽക്കണ്ഠപ്പെട്ടിടേണ്ടിതിൽ. 9
സ്വജാതിയറിയുന്നങ്ങു ചെയ്തു ദുഷ്കരമാം ക്രിയ
ലോകവൃത്താന്തമറിവാനെന്നും ധർമ്മപരായണ! 10
കർമ്മദോഷമിതങ്ങാത്മജാതികൃത്യത്തൊടും ബുധ!
ഒട്ടുനാൾ പാർത്തുകൊണ്ടാലും പിന്നെ ബ്രാഹ്മണനായ്‌വരും. 11
ഇപ്പോഴേ നീ ബ്രാഹ്മണനെന്നെന്മനം തർക്കമില്ലിതിൽ.
പാതിത്യമാം വികർമ്മങ്ങൾ ചെയ്തീടുന്നോരു ഭൂസുരൻ 12
ദാംഭികൻ ദുഷ്കൃതി ജളൻ ശൂദ്രനെപ്പോലെയായ്‌വരും.
ശൂദ്രൻ സത്യം ദമം ധർമ്മമിവ നിത്യം നടത്തുകിൽ 13
അവൻ ബ്രാഹ്മണനെൻപക്ഷം വൃത്തിയാൽ ദ്വിജനാകുമേ
കർമ്മദോഷത്തിനാൽ കഷ്ടക്രൂരദുർഗ്ഗതിയും പെടും. 14
എല്ലാംകൊണ്ടും ക്ഷീണദോഷ*നങ്ങെൻപക്ഷം നരോത്തമ!
ഉൽക്കണ്ഠപ്പെട്ടിടേണ്ടൊട്ടും മാഷ്ഠാ നിന്മട്ടിലുള്ളവർ 15
ലോകവൃത്താനുവൃത്തജ്ഞരെന്നും ധർമ്മപരായണർ.

വ്യാധൻ പറഞ്ഞു:

ധീയാൽത്തീർപ്പു മനോദുഃഖം ദേഹദുഃഖം മരുന്നിനാൽ
ഇതു വിജ്ഞാനസാമർത്ഥ്യം ബാലരെപ്പോലെയാകൊലാ. 16
അനിഷ്ടം പററിയെന്നാലുമിഷ്ടം പററാതിരിക്കിലും

* ക്ഷീണദോഷൻ=പാപം ക്ഷയിച്ചവൻ.

അല്പബുദ്ധികളാം മർത്ത്യർ മനോദുഃഖത്തില്പെട്ടും. 17
ഗുണങ്ങളാം ജീവികൾക്കൊക്കും വേർപിരിഞ്ഞീടുമിങ്ങനെ
എല്ലാം സ്വഭാവമിതിലില്ലാക്കമിങ്ങൽപ്പെടാൻ വഴി. 18
അനിഷ്ടം വന്നുകാണുമ്പോളുടൻതന്നെ വെറുത്തിടും
മറ്റുകൈയുകളും ചെയ്യും പ്രയോഗം കണ്ടുവെങ്കിലോ. 19
ദുഃഖിച്ചാലൊന്നുമൊക്കില്ലാ കേവലം വ്യസനിച്ചിടും
ദുഃഖവും സുഖവും താനേ കൈവിടുന്നോരു മാനവർ. 20
ജ്ഞാനത്താൽ തൃപ്തരായീടും സുഖം നേടും മനീഷികൾ
അസന്തോഷികളാം മൂഢർ സന്തോഷിക്കുന്നു പണ്ഡിതർ. 21
അസന്തോഷത്തിനില്ലന്തം സന്തുഷ്ടി പരമം സുഖം
വഴി പോന്നവർ ദുഃഖിക്കാ പരയാം ഗതി കണ്ടവർ. 22
വിഷാദേ ചിത്തമേശൊല്ലാ വിഷാദം മുഖ്യമാം വിഷം
അറിവില്ലാത്ത ജളനെക്കൊല്ലും ക്രുദ്ധാഹി*പോലവേ. 23
വിക്രമം വേണ്ടനേരത്തു വിഷാദപ്പെട്ടുവെങ്കിലോ
തേജസ്സുകെട്ടുള്ളവനു പുരുഷാർത്ഥം ലഭിച്ചിടാ. 24
കർമ്മം ചെയ്താൽ ഫലം കാണുമെന്നുള്ളതതിനിശ്ചയം
നിർവ്വേദപ്പെട്ടിരുന്നാലോ നന്മ നേടില്ല തെല്ലുമേ. 25
എന്നാലുപായം നോക്കേണം ദുഃഖത്തെത്തീർത്തുകൊള്ളുവാൻ
മാഷ്ഠാതേവം പ്രവർത്തിച്ചാൽ മുക്തൻ വ്യസനിയായ്വരാ. 26
നാശം ജീവികളിൽ കണ്ടു ബുദ്ധിസ്ഥക്കരെ പററിയോർ
പ്രജ്ഞയുള്ളവർ മാഷ്ഠില്ലാ പരയാം ഗതി കണ്ടവർ. 27
മാഴ്കുന്നതില്ല ഞാൻ പ്രാജ്ഞ, കാലം പാർത്തിങ്ങു വാഴുവൻ
ഈദൃശാസ്ത്രം പാർത്തു ഞാൻ വിപ്ര, മാഴ്കുന്നില്ലയി സത്തമ! 28

ബ്രാഹ്മണൻ പറഞ്ഞു:
മേധാവി നീ കൃതപ്രജ്ഞൻ ബുദ്ധിയും വലുതാണു തേ
നിന്നിൽ മാലില്ലെനിക്കും നീ ധാർമ്മികൻ ജ്ഞാനതൃപ്തനാം.
പോയ്വരട്ടേ നന്മവരും ധർമ്മം നിന്നെത്തുണച്ചിടും
ധർമ്മത്തിൽത്തെറ്റുപററാതെ നില്ക്ക ധാർമ്മികസത്തമ! 30

മാർക്കണ്ഡേയൻ പറഞ്ഞു:
ആട്ടേയെന്നും വ്യാധനപ്പോൾ കൈകൂപ്പിക്കൊണ്ടു ചൊല്ലി
പ്രദക്ഷിണംവെച്ചു പിന്നെപ്പോന്നിതാ ദ്വിജസത്തമൻ. [നാൻ
ആ ബ്രാഹ്മണൻ ചെന്നു ശുശ്രൂഷകളെല്ലാം നടത്തിനാൻ
വൃദ്ധരാകും പിതാക്കൾക്കു മുറയ്ക്കു നിയമത്തൊടും. 32
ഇതിനൊട്ടൊഴിയാതേ ഞാനെല്ലാം ചൊന്നേൻ യുധിഷ്ഠിര!
നീ ചെയ്ത ധർമ്മചോദ്യത്തിനൂന്നി, ധർമ്മിഷ്ഠസത്തമ! 33
പതിവ്രതയുടേയും സന്മാഹാത്മ്യം ബ്രാഹ്മണൻെറയും

* ക്രുദ്ധാഹി=കോപിഷ്ഠനായ പാമ്പു്.

പിതൃശുശ്രൂഷയും ധർമ്മവ്യാധനിങ്ങനെ ചൊല്ലിനാൻ. 34

യുധിഷ്ഠിരൻ പറഞ്ഞു:

ഇതൊരത്യത്ഭുതം വിപ്ര, ധർമ്മോപാഖ്യാനമുത്തമം
സർവ്വധർമ്മജ്ഞവര, നീ പറഞ്ഞു മുനിസത്തമ! 35

കേൾക്കാനുള്ള സുഖംകൊണ്ടു മുഹൂർത്തംപോലെ പോയി മേ
ഭഗവാനേ, തൃപ്തിയാകുന്നില്ലാ ധർമ്മങ്ങൾ കേട്ടു മേ. 36

## 217. ആംഗിരസോപാഖ്യാനം

അംഗിരസ്സിന്റെ തപസ്സ്. ആ മുനി തേജസ്സുകൊണ്ടു് ഒരു അഗ്നിയെപ്പോലെ ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്നു. അഗ്നിഭഗവാൻ അംഗിരസ്സിന്റെ അഗ്നിത്വം അംഗീകരിച്ച് സ്വയം പ്രാജാപത്യാഗ്നിസ്ഥാനം സ്വീകരിക്കുന്നു. അംഗിരസ്സിനു ബൃഹസ്പതി എന്ന ഒരു പുത്രനുണ്ടാകുന്നു.

വൈശമ്പായനൻ പറഞ്ഞു:

ധർമ്മം ചേരും പുണ്യകമമാമിതു കേട്ടിട്ടു ധർമ്മജൻ
മാർക്കണ്ഡേയമുനിശ്രേഷ്ഠനോടു ചോദിച്ചു പിന്നെയും. 1

യുധിഷ്ഠിരൻ പറഞ്ഞു:

അഗ്നിയെന്തേ കാടുപുക്ക'തംഗിരസ്സ്'ങ്ങനേ പുരാ
അഗ്നിനാശേ ഹവ്യമേന്തി ദ്യുതിമാനഗ്നിരൂപനായ്? 2

അഗ്നിതാനേകനായാലും കർമ്മത്തിൽ ബഹുരൂപനായ്
കാണുന്നു ഭഗവാനേയിങ്ങിതെല്ലാമറിയേണമേ. 3

'കുമാര'ന്നെങ്ങനേ ജന്മമഗ്നിഭ്രുവായതെങ്ങനെ?
എങ്ങനേ രുദ്രസുതനായ് ഗംഗാകൃത്തികമാക്കുമേ. 4

ഇതങ്ങു ചൊല്ലിക്കേൾപ്പാനുണ്ടാഗ്രഹം ഭൃഗുസത്തമ!
ഉള്ളവണ്ണം കേൾപ്പതിന്നു കൗതുകം മേ മഹാമുനേ! 5

മാർക്കണ്ഡേയൻ പറഞ്ഞു:

ഇതിന്നു ചൊല്ലിവരുമാറുണ്ടീയൊരു പഴങ്കഥ
കോപത്തോടേ ഹുതവഹൻ* തപിപ്പാൻ കാടുപുക്കതും 6

ഭഗവാനാമംഗിരസ്സങ്ങഗ്നിയായ്ത്താനിരുന്നതും
പ്രഭയാലേ തപിപ്പിച്ചിട്ടിരുട്ടൊക്കെയൊഴിച്ചതും. 7

അംഗിരസ്സു മഹാബാഹോ, വൻതപം ചെയ്തു മുന്നമേ
ആശ്രമത്തിൽ മഹാഭാഗനഗ്നിയേക്കാൾ മികച്ചവൻ. 8

അവ്വണ്ണമായ്ത്തീർന്നു ജഗൽപ്രകാശം ചെയ്തിതായവൻ
തപംചെയ്തിതു തത്തേജസ്താപമേറ്റു ഹുതാശനൻ. 9

തേജസ്വീയേററം വാട്ടംപെട്ടറിയാതായിതൊന്നുമേ
പിന്നെയൊന്നു വിചാരിച്ചു ഭഗവാൻ ഹവ്യവാഹനൻ. 10

---

* ഹുതവഹൻ = അഗ്നി.